# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 18 | ലക്കം 8 | പേജ് 12 | ഫെബ്രുവരി 16 – 29



2 ജോണച്ചനോ കോനാട്ടച്ചനോ?

3 ഫാ. ഡോ. എം. ഒ. ജോൺ വൈദികട്രസ്റ്റി സ്ഥാനത്തേക്ക് വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം

10 സ്മരണാർഹനായ ഉത്തമ വൈദികൻ

11 അത്മായ ട്രസ്റ്റി സ്ഥാനത്തേക്ക് എം. ജി. ജോർജ് മുത്തൂറ്റും സി. സി. ചെറിയാനും മത്സരരംഗത്ത്


## 2017 മുതൽ മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ അംഗസംഖ്യ വർദ്ധിപ്പിക്കാൻ ശുപാർശ

കോട്ടയം : 2017–ൽ നടക്കുന്ന അടുത്ത അസോസിയേഷൻ മുതൽ സഭാമാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള ഭരണഘടനാ ഭേദഗതി മാർച്ച് 7–ാം തീയതി നടക്കുന്ന മലങ്കര അസോസിയേഷൻ യോഗത്തിൽ അവതരിപ്പിക്കാൻ പ.കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ പഴയ സെമിനാരിയിൽ ചേർന്ന സഭാമാനേജിംഗ് കമ്മിറ്റി യോഗത്തിൽ ധാരണയായി.

വിവിധ ഭദ്രാസനങ്ങളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട 129 അംഗങ്ങളാണ് ഇപ്പോഴത്തെ മാനേജിംഗ് കമ്മിറ്റിയിലുള്ളത്. അതോടൊപ്പം മലങ്കര മെത്രാപ്പോലീത്താ നോമിനേറ്റ് ചെയ്യുന്ന 30 അംഗങ്ങളുമുണ്ട്. ഇവരുടെ അംഗസംഖ്യ ആനുപാതികമായി പത്തുശതമാനം വർദ്ധിപ്പിക്കാനാണ് ശുപാർശ. തെരഞ്ഞെടുക്കപ്പെടുന്ന മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ സംഖ്യ 142 ആയും നോമിനേറ്റഡ് അംഗങ്ങളുടെ സംഖ്യ 33 ആയും വർദ്ധിച്ചേക്കും. അതതു ഭദ്രാസനങ്ങളിൽനിന്നുള്ള വർദ്ധിപ്പിക്കുന്ന മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ സംഖ്യ എത്രയായിരിക്കുമെന്ന് അസോസിയേഷൻ യോഗത്തിൽ അവതരിപ്പിച്ച് തീരുമാനമെടുക്കും. ഭരണഘടനാ ഭേദഗതി സംബന്ധിച്ച് മാനേജിംഗ് കമ്മിറ്റിയിൽ നടന്ന ചർച്ചയിൽ പങ്കെടുത്ത് മെത്രാപ്പോലീത്തന്മാരായ ഡോ.മാത്യൂസ് മാർ സേവേറിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ്, ഡോ.സഖറിയാ മാർ തെയോഫിലോസ്, ഫാ.ഡോ.എം.ഒ.ജോൺ, ഫാ.ബിജു ആൻഡ്രൂസ്, ഫാ.സണ്ണി തോമസ്, അഡ്വ.വി.സി.സാബു, കെ.വി.ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു.

## കാതോലിക്കായുടെ അധികാരത്തെ ദൈവത്തിന്റെ കോടതിയിൽ മാത്രമെ ചോദ്യം ചെയ്യാനാവൂ : ഫാ. ഡോ. എം. ഒ. ജോൺ

മോൻസി സാമുവൽ അബുദാബി

ദുബായ് : ജനുവരി 27–ാം തീയതി ദുബായ് സെന്റ് തോമസ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ നടന്ന കാതോലിക്കേറ്റ് സെന്റിനറി ആഘോഷ സമ്മേളനത്തിൽ ഏറ്റവും ശ്രദ്ധേയമായ പ്രസംഗമായിരുന്നു ഫാ.ഡോ.എം.ഒ. ജോണിന്റേത്.

പ.കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ അനേക പ്രമുഖ വ്യക്തികൾ പ്രസംഗിച്ചു. കാതോലിക്കേറ്റിനെക്കുറിച്ചും അതിന്റെ പ്രസക്തിയെക്കുറിച്ചും ഫാ.ഡോ.എം.ഒ.ജോൺ നടത്തിയ പ്രസംഗം ആവേശോജ്ജ്വലമായിരുന്നു. വമ്പിച്ച കരഘോഷത്തോടെയാണ് ദുബായ് കത്തീഡ്രൽ അങ്കണത്തിൽനിറഞ്ഞു നിന്ന സദസ്സ് അച്ചന്റെ പ്രസംഗം സ്വീകരിച്ചത്. കാതോലിക്കേറ്റിനുവേണ്ടി ധീരധീരം പോരാടിയ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പ്രസംഗം ഉദ്ധരിച്ചുകൊണ്ടാണ് എം.ഒ.ജോണച്ചൻ പ്രസംഗം ആരംഭിച്ചത്. പാത്രിയർക്കാ സ്ഥാനം ഉണ്ടാകുന്നതിനും 94 വർഷം മുമ്പെ പൗരസ്ത്യ കാതോലിക്കാ സ്ഥാനം ഉണ്ടായി എന്ന പുത്തൻകാവിൽ തിരുമേനിയുടെ പ്രസ്താവനയിൽ ആരംഭിച്ച് ആവേശകരമായി അച്ചൻ പ്രസംഗിച്ചത് ശ്വാസം അടക്കിപ്പിടിച്ചിരുന്നാണ് നിറഞ്ഞ സദസ്സ് ശ്രവിച്ചത്. കാതോലിക്കേറ്റിന്റെ ഇക്കാലഘട്ടത്തിലെ ഏറ്റവും ശക്തനായ വക്താവായാണ് എം.ഒ. ജോണച്ചനെ ദുബായ്, ഷാർജ, അബുദാബി, അലൈൻ തുടങ്ങിയ യു.എ.ഇ.യിലെ ഓർത്തഡോക്സ് സഭാവിശ്വാസികൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്.

പൗരസ്ത്യ കാതോലിക്കേറ്റിനെ സംബന്ധിച്ചുള്ള പഴയ കാനോനുകൾ ഉദ്ധരിച്ച് അദ്ദേഹം പ്രസംഗിച്ചു. ബിഷപ്പുമാരുടെ ഇടയിൽ എന്തെങ്കിലും തർക്കം ഉണ്ടായാൽ അത് കാതോലിക്കായുടെ അടുക്കൽ വന്നു പരിഹരിച്ചുകൊള്ളണമെന്നും കാതോലിക്കായ്ക്ക് എതിരെ ഉള്ള പരാതി ദൈവത്തിന്റെ കോടതിയിൽ മാത്രമെ വിസ്തരിക്കുവാൻ സാധിക്കുകയുള്ളുവെന്നും ഫാ.ഡോ.എം.ഒ. ജോൺ പറഞ്ഞു. കാനോനുകളും ചരിത്രവും ഉദ്ധരിച്ച് വ്യക്തമായും ശക്തമായും അച്ചൻ പ്രസംഗിച്ചത് കേൾവിക്കാർക്ക് പുതിയ അറിവുകൾ പകർന്നു.

കാതോലിക്കാ സ്ഥാനം ചരിത്രപരമായ വളർച്ചയുടെ ഭാഗമാണ്. മാർത്തോമ്മാ ശ്ലീഹായുടെ കാലം മുതലുള്ള മലങ്കരസഭയിലെ പൗരോഹിത്യസ്ഥാനത്തിന്റെ പൗരാണികതയും മാർത്തോമ്മാ പൈതൃകവും പൗരസ്ത്യ പാരമ്പര്യവും കാതോലിക്കാ സ്ഥാനത്തിൽ ഒന്നുചേർന്നിരിക്കുന്നു – ഫാ. ജോൺ ചൂണ്ടിക്കാട്ടി. 1912–ൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കുമ്പോൾ നമ്മുടെ പിതാക്കന്മാർക്ക് പല പരിമിതികളുമുണ്ടായിരുന്നു. ആ അവസരത്തിൽ മലങ്കരസഭയിലെ പ്രബുദ്ധരായ ജനങ്ങൾ പിതാക്കന്മാരോടൊപ്പം നിന്ന് അവരുടെ കരങ്ങൾക്ക് ശക്തി പകർന്നു. എന്നാൽ ഇന്ന് പരിമിതികളെ തരണം ചെയ്തു കൂടുതൽ ശക്തമായ നിലപാടുകൾ സ്വീകരിച്ചു പ്രതിസന്ധികളിൽ പതറാതെ മലങ്കരസഭയ്ക്ക് മുന്നേറുവാൻ കഴിയണം – അദ്ദേഹം പറഞ്ഞു.

1951–ൽ സമുദായകേസിൽ ഹൈക്കോടതിയിൽ പരാജയമുണ്ടായി. ആ അവസരത്തിൽ പ.ഗീവർഗീസ് ദ്വിതീയൻ ബാവാ കൽക്കട്ടായിലായിരുന്നു. അടുത്ത ദിവസം അവിടെ നിന്നു തിരിച്ചെത്തിയ പ.ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിക്ക് കൊട്ടാരക്കര മുതൽ കോട്ടയം വരെ നൽകിയ ഭക്തിനിർഭരമായ വരവേൽപിനെക്കുറിച്ച് അച്ചൻ വിശദീകരിച്ചു പ്രസംഗിച്ചത് മൺമറഞ്ഞ പിതാക്കന്മാർക്കും സഭാമക്കൾക്കും സഭയോടുള്ള പ്രതിബദ്ധത വെളിപ്പെടുത്തുന്നതായിരുന്നു. അവരുടെ പാത പിന്തുടർന്ന് കാതോലിക്കേറ്റ് വളർച്ചയുടെ പാതയിൽ മുന്നേറട്ടെ എന്ന് ഫാ.ഡോ.എം.ഒ.ജോൺ ആശംസിച്ചു. ശതാബ്ദി ആഘോഷിക്കുന്ന കാതോലിക്കേറ്റ് എന്ന വിഷയം ആസ്പദമാക്കി അബുദാബിയിലും, മാർത്തോമ്മാ പൈതൃകത്തെ സംബന്ധിച്ച് യു.എ.ഇ. സോണൽ യൂത്ത് സമ്മേളനത്തിലും അച്ചൻ പ്രസംഗിച്ചു.

## വൈദികട്രസ്റ്റി തെരഞ്ഞെടുപ്പ്: ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടും, ഫാ. ഡോ. എം. ഒ. ജോണും നേരിട്ട് മത്സരത്തിന്

ഫാ.ജോസ് എം.ഡാനിയേൽ

കോട്ടയം : ആസന്നമായിരിക്കുന്ന വൈദികട്രസ്റ്റി തെരഞ്ഞെടുപ്പിൽ ഫാ.ഡോ. ജോൺസ് ഏബ്രഹാം കോനാട്ടും ഫാ.ഡോ. എം.ഒ.ജോണും നേരിട്ടുള്ള മത്സരത്തിന് കളമൊരുങ്ങി.

ഫാ.ഡോ.ജോൺസ് ഏബ്രഹാം ഇപ്പോഴത്തെ വൈദികട്രസ്റ്റിയാണ്. വീണ്ടും അദ്ദേഹം മത്സരിക്കുന്നതിനോട് എതിർപ്പുള്ള അനേകരുണ്ട്. മുൻപ് വൈദിക–അത്മായ ട്രസ്റ്റിസ്ഥാനം ആയുഷ്ക്കാല സ്ഥാനമായിരുന്നു. എന്നാൽ 1995–ലെ സുപ്രീംകോടതിവിധിയോടെ വൈദിക–അത്മായ ട്രസ്റ്റിമാരുടെ കാലാവധി ഒരു അസോസിയേഷന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും കാലാവധിയായ അഞ്ചുവർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. മുൻ വൈദികട്രസ്റ്റി ഫാ.മത്തായി നൂറനാലിന്റെ നിര്യാണത്തിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ ഫാ.ഡോ.ഒ.തോമസ് 2004–ൽ വൈദികട്രസ്റ്റിയായി. അദ്ദേഹം രണ്ടര വർഷം കാലാവധി പൂർത്തിയാക്കിയപ്പോഴേയ്ക്കും 2007–ൽ അസോസിയേഷന്റെ കാലാവധി പൂർത്തിയായി അടുത്ത അസോസിയേഷൻ നിലവിൽ വരികയും പുതിയ തെരഞ്ഞെടുപ്പുണ്ടാവുകയും ചെയ്തു. ഒ.തോമസ് അച്ചൻ വീണ്ടും മത്സരിച്ചെങ്കിലും ഒരു ടേം കഴിഞ്ഞതിനാൽ അദ്ദേഹം പിന്മാറണമെന്നായിരുന്നു ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട് ഉൾപ്പെടെയുള്ളവരുടെ അഭിപ്രായം. ജനങ്ങളും ആ അഭിപ്രായത്തോട് യോജിച്ചതിനാൽ ഒ.തോമസ് അച്ചൻ പരാജയപ്പെട്ടു. ഫാ.ജോൺസ് ഏബ്രഹാം തെരഞ്ഞെടുക്കപ്പെട്ടു. ഒരു ടേം പൂർത്തിയാക്കിയ ഫാ.ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് വീണ്ടും മത്സരത്തിനിറങ്ങിയിരിക്കുന്നു. മുമ്പ് പറഞ്ഞതിൽനിന്ന് വ്യത്യസ്തമാണ് അദ്ദേഹത്തിന്റെ നിലപാട് എന്നാണ് പൊതുവെയുള്ള ആക്ഷേപം.

വടക്കൻ ഭദ്രാസനങ്ങളിൽനിന്നുള്ള ഒരാൾ ഇപ്പോൾ വൈദികട്രസ്റ്റിയായി. അദ്ദേഹം ഒരു ടേം കാലാവധി പൂർത്തിയാക്കി. ഇനിയും തെക്കുനിന്നുള്ള ഒരാൾ വരട്ടെ എന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. പ.കാതോലിക്കാ ബാവായും സുന്നഹദോസ് സെക്രട്ടറിയും മറ്റും വടക്കുനിന്നുള്ളവരാണല്ലോ എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഫാ.ഡോ.എം.ഒ.ജോൺ തുമ്പമൺ ഭദ്രാസനത്തിൽനിന്നുള്ള ആളാണ്. തുമ്പമൺ ഭദ്രാസനത്തിലും അങ്കമാലി ഭദ്രാസനത്തിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. വൈദികസെമിനാരി അദ്ധ്യാപകൻ, ആലുവാ തൃക്കുന്നത്ത് സെമിനാരി, കുണ്ടറ സെമിനാരി തുടങ്ങിയവയുടെ മാനേജർ, കാനഡ–യു.കെ.–യൂറോപ്പ് ഭദ്രാസനത്തിൽനിന്നുള്ള സഭാമാനേജിംഗ് കമ്മിറ്റി അംഗം, ആഫ്രിക്കയിലെ ഇടവകകളുടെ സ്ഥാപകൻ, ചരിത്രകാരൻ, മലങ്കരസഭാദീപം പത്രാധിപർ തുടങ്ങിയ നിലകളിലൊക്കെ അദ്ദേഹം പ്രശസ്തനാണ്.

വൈദികട്രസ്റ്റി സ്ഥാനത്തേക്ക് മത്സരിക്കുമെന്ന് പ്രഖ്യാപിച്ച് പ്രചരണത്തിനിറങ്ങിയിരുന്ന ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി ഫാ. മാത്യു വർഗീസ് പിന്മാറി.

അതോടെ മത്സരം ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ടും ഫാ.ഡോ.എം.ഒ. ജോണും നേരിട്ടായി. ഇപ്പോൾ നിലവിലുള്ള കോടതിവ്യവഹാരങ്ങളുടെയും കക്ഷിവഴക്കിന്റെയും പശ്ചാത്തലത്തിൽ ജോൺസ് ഏബ്രഹാം അച്ചൻ ഒരിക്കൽക്കൂടി വൈദികട്രസ്റ്റി ആകണമെന്ന അഭിപ്രായം കണ്ടനാട് അങ്കമാലി ഭദ്രാസനങ്ങളിൽ കുറേപ്പേർക്കുണ്ടെങ്കിലും തുമ്പമൺ, ചെങ്ങന്നൂർ, മാവേലിക്കര, കൊല്ലം, നിലയ്ക്കൽ, അടൂർ–കടമ്പനാട്, കൊട്ടാരക്കര – പുനലൂർ, നിരണം, തിരുവനന്തപുരം തുടങ്ങിയ തെക്കൻ ഭദ്രാസനങ്ങളിലും, മലബാർ, ബത്തേരി, കുന്നംകുളം തുടങ്ങിയ വടക്കൻ ഭദ്രാസനങ്ങളിലും, കൽക്കട്ടാ, ഡൽഹി, അഹമ്മദാബാദ്, ബോംബെ, ചെന്നൈ, ബാംഗ്ലൂർ, അമേരിക്ക, ബ്രഹ്മവാർ തുടങ്ങിയ ബാഹ്യകേരളാ ഭദ്രാസനങ്ങളിലും ഒരു ടേം നിന്നയാൾ മാറട്ടെ പുതിയ ഒരാൾക്ക് അവസരം കിട്ടട്ടെ – പ്രത്യേകിച്ച് എം.ഒ.ജോണച്ചന് ഒരവസരം നൽകണം എന്ന അഭിപ്രായമാണ് പൊതുവെ ഉള്ളത്. അത് ഫാ.ഡോ. എം.ഒ.ജോണിന് ഗുണകരമാകും എന്ന് വിലയിരുത്തപ്പെടുന്നു.

## ഫാ. മാത്യു വർഗീസ് പിന്മാറിയത് ഫാ. ഡോ. എം. ഒ. ജോണിന് സഹായകമാകും

രാജൻ വർഗീസ് ചെങ്ങന്നൂർ

ചെങ്ങന്നൂർ : വരാൻ പോകുന്ന വൈദികട്രസ്റ്റി തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചിരുന്ന ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി ഫാ.മാത്യു വർഗീസ് മത്സരത്തിനില്ലാതെ പിന്മാറി. ചെങ്ങന്നൂർ, മാവേലിക്കര, നിരണം ഭദ്രാസനങ്ങളിൽ സ്വാധീനം ചെലുത്തുവാൻ സാധ്യത ഉണ്ടായിരുന്ന ഫാ.മാത്യു വർഗീസ് പിന്മാറിയത് ഫാ.ഡോ. എം.ഒ.ജോണിന് ഗുണകരമാകും. തുമ്പമൺ, നിരണം, കൊല്ലം തുടങ്ങിയ തെക്കൻ ഭദ്രാസനങ്ങളിൽ നേരത്തെ തന്നെ ഏറ്റവും കൂടുതൽ വോട്ടുകൾ ലഭിക്കാൻ സാധ്യത ഉണ്ടായിരുന്ന ഫാ.ഡോ.എം.ഒ.ജോണിന് ഫാ.മാത്യു വർഗീസിന്റെ പിന്മാറ്റത്തോടെ അദ്ദേഹത്തിനു ലഭിക്കാമായിരുന്ന വോട്ടുകളും ലഭിക്കും. അത് ഫാ.ഡോ.എം.ഒ.ജോണിന്റെ ഭൂരിപക്ഷം വർദ്ധിപ്പിക്കും. ഇനിയും എം.ഒ.ജോണച്ചന്റെ ഭൂരിപക്ഷം എത്രയെന്നു നോക്കിയാൽ മതി എന്നായിരുന്നു

(ശേഷം പേജ് 11–ൽ)

# ജോണച്ചനോ കോനാട്ടച്ചനോ?

കെ.ജോൺ മാത്യൂസ് തുമ്പമൺ

മലങ്കര അസോസിയേഷനിലേക്കുള്ള പള്ളി പ്രതിനിധികളെ തെരഞ്ഞെടുക്കുക എന്ന പ്രഥമ പ്രക്രിയ കഴിഞ്ഞു. ഇനി ഉപരി മണ്ഡല തെരഞ്ഞെടുപ്പിലേക്കുള്ള പ്രയാണമായി. ആരോപണങ്ങളും പ്രത്യാരോപണങ്ങളും, വിഴുപ്പലക്കലും തകൃതിയായി ശക്തിയോടെ സഭാന്തരീക്ഷത്തെ കലുഷമാക്കിക്കൊണ്ടിരിക്കുന്നു. സ്ഥാനാർത്ഥികൾ പോലും അറിയാതെയുള്ള വ്യക്തിഗത പ്രചരണങ്ങളായിരിക്കും നടക്കുന്നത്. വൈദികട്രസ്റ്റി, അത്മായട്രസ്റ്റി, സെക്രട്ടറി, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ മുതലായ സ്ഥാനികൾക്കുവേണ്ടിയുള്ള ശബ്ദാരവവും പെരുമ്പറയും മുഴങ്ങിക്കഴിഞ്ഞു.

വൈദികട്രസ്റ്റിസ്ഥാനത്തേക്ക് ആര്? ജോണച്ചനോ കോനാട്ടച്ചനോ എന്നതാണ് പ്രധാന ചർച്ചാ വിഷയം. കഴിഞ്ഞ അഞ്ചുവർഷം കോനാട്ടച്ചന്റെ പ്രവർത്തനം ശ്ലാഘനീയമായിരുന്നു.

ഇനിയും ആ സ്ഥാനം വേണ്ട എന്ന് മുൻ വൈദികട്രസ്റ്റി മണലിലച്ചൻ തീരുമാനിച്ചതുപോലെ കോനാട്ട് അച്ചൻ തീരുമാനിക്കേണ്ട സമയമാണ്. അങ്ങനെ ഒരു തീരുമാനം എടുത്താൽ അച്ചന്റെ യശ്ശസ്സ് വർദ്ധിക്കുകയേയുള്ളു. അതോടൊപ്പം തന്നോടുകൂടി പല രംഗങ്ങളിലും പ്രവർത്തിച്ചിട്ടുള്ള, പല വേദികളും പങ്കിട്ടിട്ടുള്ള, പ്രശസ്തനായ സഭാചരിത്രപണ്ഡിതൻ, ഗ്രന്ഥകാരൻ, വാഗ്മി, സംഘാടകൻ എന്നീ നിലകളിൽ പ്രശസ്തനായ എം.ഒ.ജോണച്ചനുവേണ്ടി പിന്മാറി അച്ചന്റെ നാമം നിർദ്ദേശിക്കുകകൂടി ചെയ്താൽ കോനാട്ട് അച്ചന്റെ വിശാലഹൃദയമഹിമ സഭാമക്കൾ പ്രംശംസിക്കുകയേ ഉള്ളു.

പലരും പല രംഗങ്ങളിലും തന്നെ ചവുട്ടിത്താഴ്ത്താൻ ശ്രമിച്ചെങ്കിലും അതെല്ലാം നിശബ്ദമായി സഹിച്ച് സഭയുടെ പുരോഗതി മാത്രം ചിന്തിച്ച് പ്രവർത്തിക്കുകയും പ്രചരണം നടത്തുകയും ചെയ്യുന്ന ജോണച്ചൻ വൈദികട്രസ്റ്റി സ്ഥാനത്തേക്ക് മറ്റാരെയുംകാൾ അർഹനാണ് എന്ന് വലിയ ഒരുവിഭാഗം ആളുകളും വിശ്വസിക്കുന്നു. വൈദികട്രസ്റ്റിയായി കോനാട്ടച്ചൻ രംഗപ്രവേശനം ചെയ്തില്ലെങ്കിൽപോലും സഭയുടെ ദുർഘടസന്ധിയിൽ അഞ്ചുവർഷം പ്രശസ്തമായി സേവനം ചെയ്തു ലഭിച്ച അനുഭവ സമ്പത്ത് പിൻഗാമിക്കു നൽകി കൂട്ടായി പ്രവർത്തിച്ച് സഭയെ ശക്തിപ്പെടുത്തുകയും ചെയ്യാം.

അഞ്ചുവർഷം വടക്കൻഭാഗത്തുനിന്നും തെരഞ്ഞെടുക്കപ്പെട്ട കോനാട്ട് അച്ചൻ അടുത്ത അഞ്ചുവർഷത്തേക്ക് തെക്കുനിന്നുള്ള ജോണച്ചനുവേണ്ടി പ്രവർത്തിക്കുമെന്ന് ന്യായമായി പ്രതീക്ഷിക്കുന്നു. അങ്ങനെ ഒരു സന്തുലിതാവസ്ഥ സൃഷ്ടിക്കപ്പെടേണ്ടത് ആവശ്യമാണ്.

പ.പരുമല തിരുമേനിയുടെ വലംകയ്യായി നവീകരണ പ്രസ്ഥാനത്തിനെതിരായി പ്രവർത്തിച്ച യെറുശലേം യാത്രയിൽ പ.തിരുമേനിയുടെ കൂടെ കൊണ്ടുപോയ തുമ്പമൺ കരിങ്ങാട്ടിൽ സ്ക്കറിയാ കോർഎപ്പിസ്കോപ്പായുടെയും, പ.വട്ടശ്ശേരിൽ തിരുമേനിയുടെ വലംകയ്യായി നിന്ന് പ്രവർത്തിച്ച, 1934-ലെ സഭാഭരണഘടനയുടെ മുഖ്യശില്പികളിലൊരാളായിരുന്ന സമാധാനശ്രമത്തിനുവേണ്ടി മർദ്ദീനിലേക്കു പോയ പ.തിരുമേനിയെ അനുധാവനം ചെയ്ത തുമ്പമൺ പൂതക്കുഴിയിൽ അച്ചന്റെയും നാട്ടിൽ ജനിച്ച്, വളർന്ന്, സഭയുടെ വിശ്വാസചരിത്ര സംഹിതകളിലെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെന്നു മലങ്കരസഭയെ കൂടുതൽ അറിഞ്ഞ ജോണച്ചനുവേണ്ടി സംസ്ക്കാര സമ്പന്നനായ കോനാട്ടച്ചൻ പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു. പ.പരുമല തിരുമേനിയുടെയും വട്ടശ്ശേരിൽ തിരുമേനിയുടെയും അവരോടൊപ്പം പ്രവർത്തിച്ച ശ്രേഷ്ഠ വൈദികരുടെയും ആത്മാക്കൾ അതിൽ സന്തോഷിക്കുകയേയുള്ളു.

അസോസിയേഷൻ അംഗങ്ങളും, മാനേജിംഗ് കമ്മിറ്റി അംഗങ്ങളും വെറും രാഷ്ട്രീയ ചട്ടുകങ്ങളെപ്പോലെ ചിന്തിക്കാതെ സഭയുടെ ഔന്നത്യം മാത്രം മനസ്സിൽ കണ്ടു ദൈവഭയവും അനുസരണബോധവുമുള്ള അർഹരായവരെ തെരഞ്ഞെടുക്കുവാൻ ശ്രമിക്കുമെന്നു പ്രത്യാശിക്കുന്നു.

# കഴിവുള്ളവർ അവഗണിക്കപ്പെടരുത്

വർഗീസ് ജോർജ് മല്ലപ്പള്ളി

കഴിഞ്ഞ പ്രാവശ്യം ബഹു.കോനാട്ട് അച്ചനെ വൈദികട്രസ്റ്റിയായി തെരഞ്ഞെടുക്കുമ്പോൾ ഒരു മാറ്റമായിരുന്നു സഭാവിശ്വാസികൾ ആഗ്രഹിച്ചിരുന്നത്. ഇന്നും അച്ചന്റെ കഴിവിനെയോ ആത്മാർത്ഥതയെയോ ആരും ചെറുതായി കാണുന്നില്ല. എന്നാൽ കഴിവും പ്രാപ്തിയും പാണ്ഡിത്യവുമുള്ള മറ്റ് അച്ചന്മാരും നമ്മുടെ സഭയിലുണ്ടെന്നുള്ള കാര്യം വിസ്മരിക്കാനാവില്ല. മാറ്റങ്ങൾ ആവശ്യമാണ്. പ്രകൃതിനിയമവും അതിന് അടിവരയിടുന്നു. എങ്കിൽ വൈദികട്രസ്റ്റിയായി ഡോ.എം.ഒ.ജോണച്ചനെ പരിഗണിക്കുന്നതിൽ എന്താണു കുഴപ്പം? ഒരു എപ്പിസ്കോപ്പൽ സ്ഥാനാർത്ഥിയായി പരിഗണിക്കപ്പെടേണ്ടിയിരുന്ന പേരായിരുന്നു ബഹു.അച്ചന്റേതെന്ന് ഈ സഭയിൽ ഒരു നല്ല വിഭാഗം ആളുകൾക്ക് അന്നും തോന്നിയിരുന്നതല്ലേ. എന്നിട്ടും പ്രായപരിധി എന്ന പുതിയ ഭേദഗതിയിലൂടെ അദ്ദേഹവും അദ്ദേഹത്തേപ്പോലെ പ്രാപ്തിയും പാണ്ഡിത്യവുമുള്ള ചില വൈദികരും തള്ളപ്പെട്ടു പോവുകയായിരുന്നല്ലോ. അഭിപ്രായസ്ഥിരതയും സഭാകാര്യങ്ങളിൽ പാണ്ഡിത്യവുമുള്ള ഒരു വൈദികൻ വൈദികട്രസ്റ്റിയാവുകയാണ് സഭയുടെ ഉന്നമനത്തിന് ഉതകുക. **സഭയിൽ അടിയുറച്ച വിശ്വാസവും വ്യക്തമായ കാഴ്ചപ്പാടുമുള്ള ഡോ.എം.ഒ.ജോണച്ചനെപ്പോലെയുള്ള ഒരാൾ മറുകണ്ടം ചാടുമെന്ന് ആരെങ്കിലും കുപ്രചരണം നടത്തുമെങ്കിൽ അത് തികച്ചും അപലപനീയമാണ്. മറുകണ്ടം ചാടണമെന്നുണ്ടായിരുന്നെങ്കിൽ ഒരു മെത്രാപ്പോലീത്തായുടെ കുപ്പായം അണിയുന്നതിന് എത്രയോ അവസരമുണ്ടായിരുന്നു. അന്നൊന്നും ഒരു പ്രലോഭനങ്ങൾക്കും കീഴ്പ്പെടാതിരുന്ന അദ്ദേഹം വൈദികട്രസ്റ്റിയായാലുടൻ മറുകണ്ടം ചാടിയേക്കുമെന്നുള്ള പ്രചരണം എത്രയോ ദുഷ്ടലാക്കോടുകൂടി തൊടുത്തുവിടുന്ന വിഷം പുരണ്ട വാക്ശരങ്ങളാണെന്ന് സാമാന്യബുദ്ധിയുള്ളവർ തിരിച്ചറിയുന്നു.**



## സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, ദുബായ്
## ശുശ്രൂഷകനെ ആവശ്യമുണ്ട്

**ദുബായ് സെന്റ് തോമസ് കത്തീഡ്രലിലേക്ക് ശുശ്രൂഷകനെ ആവശ്യമുണ്ട്. ഓർത്തഡോക്സ് ദേവാലയങ്ങളിൽ ശുശ്രൂഷ ചെയ്ത് പരിചയമുള്ള യുവാക്കൾക്ക് മുൻഗണന ഉണ്ടായിരിക്കും.**

**താൽപര്യമുള്ളവർ ഇടവക മെത്രാപ്പോലീത്തായുടെയും ഇടവക വികാരിയുടെയും ശുപാർശകൾ സഹിതവും, ബയോഡേറ്റാ, പ്രവർത്തിപരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം 2012 ഫെബ്രുവരി 28നു മുമ്പായി താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.**

**Vicar, St.Thomas Orthodox Cathedral, P.B.2563, Dubai, U.A.E.**

**Phone : 0097143371122, 00971502108180**


# ഓർമ്മപ്പെരുന്നാളും പ്ലാറ്റിനം ജൂബിലി സമാപനവും

നരിയാപുരം : ഇമ്മാനുവേൽ ഓർത്തഡോക്സ് വലിയ പള്ളിയിൽ പ.ദൈവമാതാവിന്റെ ഓർമ്മപ്പെരുന്നാളും പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനവും ഫെബ്രുവരി 3നു നടന്നു. രാവിലെ പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ വി.കുർബ്ബാന അർപ്പിച്ചു. ഭദ്രാസനാധിപൻ കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ സഹകാർമ്മികത്വം വഹിച്ചു. ജീവകാരുണ്യ വിതരണം ആന്റോ ആന്റണി എം.പി. നിർവ്വഹിച്ചു. റവ.നഥനിയേൽ റമ്പാൻ, ഫാ.ടൈറ്റസ് ജോർജ്, ഫാ.ജോസഫ് കുരുമ്പിലേത്ത്, ഡോ. എ.വി.ആനന്ദ് രാജ്, ഫാ.ജോർജ് പ്രസാദ്, റ്റി.എസ്.തോമസ്, ലിജു ജോൺ വർഗീസ് എന്നിവർ പ്രസംഗിച്ചു.


# മാർ എപ്പിഫാനിയോസ് സ്മൃതിയാത്ര നടത്തി

കൊല്ലം : മലങ്കര ഓർത്തഡോക്സ് സഭയിലെ സൗമ്യതേജസ്സായിരുന്ന മാത്യൂസ് മാർ എപ്പിഫാനിയോസിന്റെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് കൊല്ലം ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ മഞ്ഞക്കാല മാർ ശെമവൂൻ ദെസ്തുനി ഓർത്തഡോക്സ് ഇടവകയിൽനിന്ന് ആരംഭിച്ച സ്മൃതിയാത്ര പി.എം.ജോൺ കോർഎപ്പിസ്കോപ്പാ പതാക ജനറൽ കൺവീനർ സാം പട്ടാഴിക്ക് കൈമാറി ഉദ്ഘാടനം ചെയ്തു.

തലവൂർ, പട്ടാഴി, കുളക്കട, പുത്തൂർ, മൈലംകുളം, മാറനാട്, കുണ്ടറ എന്നിവിടങ്ങളിൽ വിശ്വാസികളും പള്ളികളും നൽകിയ ഭക്തിനിർഭരമായ സ്വീകരണങ്ങൾ ഏറ്റുവാങ്ങി വൈകിട്ട് ആറോടെ മാത്യൂസ് മാർ എപ്പിഫാനിയോസിന്റെ കബറിടമായ കൊല്ലം അരമന കത്തീഡ്രലിൽ എത്തി.

സഖറിയാസ് മാർ അന്തോണിയോസ് സ്മൃതിയാത്രയെ സ്വീകരിച്ചു. ഫാ.ഏബ്രഹാം എം.വർഗീസ്, ഫാ.ജോസ് എം.ഡാനിയേൽ, ജോൺസൺ കല്ലട, വിജി തോമസ് വൈദ്യൻ, മാത്യു ജോൺ കല്ലുംമൂട്ടിൽ, ഷിനോയ് പി.കുഞ്ഞുമോൻ, ഷിജു എസ്.പി. നല്ലില, സജയ് തങ്കച്ചൻ കുളക്കട, ചിന്തു യോഹന്നാൻ എന്നിവർ നേതൃത്വം നൽകി.


# മെഡൽ ഓഫ് മെറിറ്റ് അവാർഡ്



ചൊവ്വള്ളൂർ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗവും സഭാ മാനേജിംഗ് കമ്മിറ്റി അംഗവും കുണ്ടറ എം.ജി.ഡി. ഹൈസ്ക്കൂൾ അദ്ധ്യാപകനുമായ ജി.സാംകുട്ടി ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ് സംസ്ഥാന അസോസിയേഷൻ നൽകുന്ന മെഡൽ ഓഫ് മെറിറ്റ് അവാർഡ് നേടി

## പാവനസ്മരണയ്ക്ക്

**4th Death Anniversary of our beloved Ammachi (Jan 26)**



**MARIAMMA MATHEW, KUTTIKANDATHIL, AYROOR**

**Inserted by : Kunjumon, Ammukutty, Ambily, Anil, Ashly and All Family Members**

# ഫാ.ഡോ.എം.ഒ.ജോൺ വൈദികട്രസ്റ്റി സ്ഥാനത്തേക്ക് വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം

ഷാജി മഠത്തിലേത്ത്, തുമ്പമൺ ഭദ്രാസന കൗൺസിൽ അംഗം

കാതോലിക്കാ സ്ഥാപനത്തിന്റെ ശതാബ്ദി ആഘോഷിക്കുന്ന മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് പുരാതന പാരമ്പര്യവും മാർത്തോമ്മാശ്ലീഹായുടെ പൈതൃകവും, വിശ്വാസാചാരങ്ങളിലെ കുലീനതയും പൗരോഹിത്യശ്രേഷ്ഠതയും ഉണ്ട് എന്ന് പറയുന്നതിൽ ഒട്ടും അതിശയോക്തി ഇല്ല. എങ്കിലും കേരളത്തിലെ പൊതുസമൂഹത്തിലും ഇതരസഭാവിഭാഗങ്ങളുടെ ഇടയിലും സഭയുടെ യശ്ശസിന് എന്തോ ഒരു കുറവ് വന്നിട്ടുണ്ടോ എന്ന് സ്വയവിമർശനത്തിലൂടെ നാം മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സഭയ്ക്ക് ഇന്ന് വന്നിട്ടുള്ള ചെറിയ ന്യൂനതകളെ ചൂണ്ടിക്കാട്ടി ക്രിയാത്മകമായി പ്രതികരിച്ച് സഭയുടെ കീർത്തി എല്ലാ തലങ്ങളിലും മുന്നിലെത്തിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വം സഭയുടെ പരമോന്നത സമിതിയും സഭയുടെ പാർലമെന്റായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും അതിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട അംഗങ്ങൾക്കും ഉണ്ട്. മൂല്യങ്ങൾക്കും സഭാപാരമ്പര്യങ്ങൾക്കും ഊന്നൽ നൽകി പ്രവർത്തനശേഷിയും ഉന്നത ചിന്തയും ദർശനബോധവും ഉള്ള ഒരു മാനേജിംഗ് കമ്മിറ്റിയെയും സഭാസ്ഥാനികളെയും തെരഞ്ഞെടുക്കേണ്ട ഭാരിച്ച ഉത്തരവാദിത്വമാണ് 2012 മാർച്ച് 7-ാം തീയതി തുമ്പമൺ ഭദ്രാസന ആസ്ഥാനകേന്ദ്രമായ പത്തനംതിട്ടയിൽവെച്ച് നടക്കുന്ന അസോസിയേഷനിനുള്ളത്. ഇതിന് മുമ്പ് 1992-ൽ പത്തനംതിട്ടയിൽവെച്ച് നടന്ന അസോസിയേഷൻ മലങ്കരസഭയിലെ വലിയ ബാവാ എന്നറിയപ്പെടുന്ന ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമ രജത ജൂബിലിയും നടത്തി ശ്രേഷ്ഠരായ അഞ്ചു മെത്രാപ്പോലീത്തന്മാരെയും തെരഞ്ഞെടുത്തു. അന്ന് തെരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലിമ്മീസ് തിരുമേനിയാണ് ഇന്ന് തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ എന്നത് ഒരു ദൈവനിയോഗമായി കരുതാം. മലങ്കരസഭയുടെ അടുത്ത അഞ്ചുവർഷത്തേക്കുള്ള വൈദിക-അത്മായ ട്രസ്റ്റിമാരെ തെരഞ്ഞെടുക്കുകയാണ് അസോസിയേഷന്റെ പ്രധാന അജണ്ട. വൈദികട്രസ്റ്റിസ്ഥാനത്തേക്ക് തുമ്പമൺ ഭദ്രാസനത്തിൽതന്നെ പെട്ട തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം ഫാ.ഡോ.എം.ഒ.ജോണും സ്ഥാനാർത്ഥിയാണ്.

2004-ൽ പരുമലയിൽ നടന്ന അസോസിയേഷനിൽ മെത്രാൻ തെരഞ്ഞെടുപ്പിൽ ചരിത്രപണ്ഡിതനും വൈദികസെമിനാരി അദ്ധ്യാപകനുമായിരുന്ന ഡോ.എം.ഒ.ജോണച്ചന് അയ്മേനികളുടെ ഏറ്റവും കൂടുതൽ വോട്ട് ലഭിച്ചെങ്കിലും വൈദികരുടെ ഏതാനും വോട്ടുകൾ കുറവായതിനാൽ തെരഞ്ഞെടുക്കപ്പെടുവാൻ സാധിച്ചില്ല. അതിനിടെ ചില വ്യക്തികളുടെ സ്വാർത്ഥതാൽപര്യസംരക്ഷണത്തിനുവേണ്ടി സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ച് ചില സാങ്കേതിക കാരണങ്ങൾ പറഞ്ഞ് എം.ഒ. ജോണച്ചനെയും അതുപോലെ പ്രശസ്തരായ എം.എസ്.സഖറിയാ റമ്പാൻ, എം.എസ്.ജോൺ റമ്പാൻ, കെ.വി.പോളച്ചൻ, റ്റൈറ്റസ് ജോണച്ചൻ, എം.ഡി.ജോൺ റമ്പാൻ തുടങ്ങിയ പല വൈദികർക്കും തെരഞ്ഞെടുപ്പിനു നിൽക്കാനുള്ള അവകാശത്തെ നിഷേധിച്ചു.

മലങ്കരസഭയുടെ വിവിധ ഇടവകകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രബുദ്ധരായ ഏകദേശം 4000-ഓളം അസോസിയേഷൻ അംഗങ്ങളുള്ള മലങ്കര അസോസിയേഷന്റെ അവകാശത്തിന് വിലക്കുകൾ ഏർപ്പെടുത്തി ഏതാനും വ്യക്തികളുടെ മാത്രം താൽപര്യപ്രകാരം ഈ വൈദികർക്ക് ഒരു ജനാധിപത്യസംവിധാനത്തിലൂടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിലെ മഹാഭൂരിപക്ഷത്തിന്റെ സ്നേഹവും കൂറും വിശ്വാസവും നേടാനുള്ള അവസരത്തെ നിഷേധിച്ചതിനെതിരെ അച്ചൻ ഒരിടത്തുപോലും ഒരു വാക്ക് പ്രതികരിക്കുകയോ പ്രതിഷേധിക്കുകയോ ചെയ്തില്ല. എന്തിനേക്കാളും വലുത് മലങ്കരസഭയാണ് എന്നും അതിന്റെ സ്വാതന്ത്ര്യത്തിനും അഖണ്ഡതയ്ക്കും ഭംഗം വരാതെ സൂക്ഷിക്കേണ്ടത് തന്റെ കടമയാണ് എന്നും ഉറച്ച വിശ്വാസത്തിൽ അടിയുറച്ച് നിൽക്കുന്ന എം.ഒ.ജോണച്ചനെയാണ് ഈ കഴിഞ്ഞ കാലങ്ങളിൽ സഭ കണ്ടത്. സഭയുടെ ഓരോ പ്രതിസന്ധിഘട്ടങ്ങളിലും കൂടുതൽ കൂറും ഭക്തിയും വിധേയത്വവും പ്രകടിപ്പിച്ച് സഭാനേതൃത്വത്തിന്റെ പിന്നിൽ അടിയുറച്ച് ധീരമായി നിന്ന് പിന്തുണ നൽകുന്ന ഒരു വൈദികനെയാണ് മലങ്കരസഭാമക്കൾ എം.ഒ.ജോണച്ചനിൽ ദർശിച്ചത്. കോലഞ്ചേരി പ്രശ്നത്തിൽ തുമ്പമൺ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പത്തനംതിട്ടയിൽ നടന്ന പ്രതിഷേധ യോഗത്തിലും, നിരണം ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ തിരുവല്ലയിൽ നടന്ന പ്രതിഷേധത്തിലും അച്ചന്റെ പ്രസംഗം മലങ്കരസഭാമക്കളിൽ ആവേശം പകർന്നതോടൊപ്പം സഭയുടെ പിതാക്കന്മാർക്ക് ഏത് സാഹചര്യത്തിലാണ് സത്യാഗ്രഹം കിടക്കേണ്ടിവന്നത് എന്ന് സഭാചരിത്രത്തെയും വിശ്വാസത്തെയും കേന്ദ്രീകരിച്ച് അച്ചൻ പറഞ്ഞു. അത് തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് പത്തനംതിട്ടയിലും തുമ്പമൺ ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും പ്രചോദനമായിത്തീർന്നു. കാതോലിക്കേറ്റിനെക്കുറിച്ച് അഗാധമായ പഠനം നടത്തിയിട്ടുള്ള ആളാണ് എം.ഒ. ജോണച്ചൻ. സഭയെക്കുറിച്ചും സഭാസ്വാതന്ത്ര്യത്തെക്കുറിച്ചും മലങ്കര അന്ത്യോഖ്യൻ ബന്ധത്തെക്കുറിച്ചും അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടെന്ന് അദ്ദേഹത്തിന്റെ ലേഖനങ്ങളും ക്ലാസ്സുകളും വ്യക്തമാക്കുന്നുണ്ട്.

സഭയുടെ ഓരോ പ്രതിസന്ധിഘട്ടങ്ങളിലും കൂടുതൽ കൂറും ഭക്തിയും വിധേയത്വവും പ്രകടിപ്പിച്ച് സഭാനേതൃത്വത്തിന്റെ പിന്നിൽ അടിയുറച്ച് ധീരമായി നിന്ന് പിന്തുണ നൽകുന്ന ഒരു വൈദികനെയാണ് മലങ്കരസഭാമക്കൾ എം.ഒ.ജോണച്ചനിൽ ദർശിച്ചത്. കോലഞ്ചേരി പ്രശ്നത്തിൽ തുമ്പമൺ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പത്തനംതിട്ടയിൽ നടന്ന പ്രതിഷേധ യോഗത്തിലും, നിരണം ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ തിരുവല്ലയിൽ നടന്ന പ്രതിഷേധത്തിലും അച്ചന്റെ പ്രസംഗം മലങ്കരസഭാമക്കളിൽ ആവേശം പകർന്നതോടൊപ്പം സഭയുടെ പിതാക്കന്മാർക്ക് ഏത് സാഹചര്യത്തിലാണ് സത്യാഗ്രഹം കിടക്കേണ്ടിവന്നത് എന്ന് സഭാചരിത്രത്തെയും വിശ്വാസത്തെയും കേന്ദ്രീകരിച്ച് അച്ചൻ പറഞ്ഞു. അത് തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് പത്തനംതിട്ടയിലും തുമ്പമൺ ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും പ്രചോദനമായിത്തീർന്നു.

ആലുവാ തൃക്കുന്നത്ത് സെമിനാരി മാനേജർ എന്ന നിലയിൽ നിർണ്ണായക പ്രതിസന്ധിഘട്ടത്തിൽ അച്ചൻ ധീരമായ നേതൃത്വം നൽകി. തൃക്കുന്നത്ത് സെമിനാരിമേൽ ഓർത്തഡോക്സ് സഭയുടെ അവകാശത്തിന്റെ കാര്യങ്ങളെപ്പറ്റി പ്രസംഗിച്ചും എഴുത്തും സഭാവിശ്വാസികളിലും പൊതുസമൂഹത്തിലും ജില്ലാ ഭരണകൂടത്തിലും മലങ്കരസഭയുടെ അവകാശത്തിന് ന്യായീകരണം ഉണ്ട് എന്ന് ബോധ്യപ്പെടുത്തുവാൻ എം.ഒ.ജോണച്ചനു സാധിച്ചു. ആലുവാ പള്ളിയിൽ ആരാധനയ്ക്കെത്തുന്ന ഓർത്തഡോക്സ് സഭാ വിശ്വാസികൾക്ക് അച്ചന്റെ പ്രവർത്തനം മൂലം ഒരു ആത്മധൈര്യം ലഭിച്ചു എന്നത് ആലുവായിലെ ഇടവകാംഗങ്ങൾ സാക്ഷ്യപ്പെടുത്തുന്ന കാര്യം ആണ്. കുണ്ടറ സെമിനാരിയിലും അച്ചന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമായിരുന്നു. യൂറോപ്പിലെ വിയന്നായിൽ മലങ്കരസഭയുടെ ഇടവകകൾ സ്ഥാപിച്ച എം.ഒ.ജോണച്ചൻ സൗത്താഫ്രിക്കയിൽ ചിതറിപ്പാർത്തിരുന്ന ഓർത്തഡോക്സ് വിശ്വാസികൾക്ക് ഒരുമിച്ച് കൂടി ആരാധന നടത്തുവാനും അവിടെ ദേവാലയങ്ങൾ സ്ഥാപിക്കുവാനും നേതൃത്വം നൽകി. സൗത്താഫ്രിക്കയിലെ അച്ചന്റെ പ്രവർത്തനങ്ങൾ ഒരിക്കലും മലങ്കരസഭാമക്കൾ മറക്കാൻ പാടില്ലാത്തതാണ്. വിവിധ സഭകളുമായി അന്താരാഷ്ട്ര ദേശീയ തലങ്ങളിലുള്ള ചർച്ചകളിൽ അച്ചന്റെ സാന്നിധ്യം സഭയ്ക്ക് ഒരു മുതൽക്കൂട്ടാണ്. അച്ചന്റെ ധീരമായ നേതൃത്വം സഭയ്ക്ക് കൂടുതൽ കരുത്ത് നൽകുകയും പൊതുസമൂഹത്തിന്റെ മുമ്പിൽ സഭയുടെ യശസ്സ് ഉയർത്തുകയും ചെയ്യുമെന്ന് കരുതുന്ന ധാരാളം ശ്രേഷ്ഠവൈദികരും വിശ്വാസികളും ഇന്ന് മലങ്കരസഭയിലുണ്ട്. ഒരു അസോസിയേഷൻ കാലാവധിയിലേക്കാണ് ഒരു വൈദികട്രസ്റ്റിയെ തെരഞ്ഞെടുക്കുന്നത്. ഓരോ ടേമിലും പുതിയ പുതിയ വൈദികട്രസ്റ്റി വരണമെന്നാണ് ഭൂരിപക്ഷം സഭാംഗങ്ങളും ആഗ്രഹിക്കുന്നത്. അതുകൊണ്ടാണ് ഉന്നതനും സർവ്വസമ്മതനും മലങ്കരസഭയിലെ പ്രമുഖ വൈദികശ്രേഷ്ഠനുമായിരുന്ന ബഹുമാനപ്പെട്ട ഒ. തോമസ് അച്ചന് പകരം കഴിഞ്ഞ ടേമിൽ പുതിയ വൈദികട്രസ്റ്റിയെ തെരഞ്ഞെടുത്തത്. ആ കീഴ്വഴക്കം തുടരണമെന്ന് ആഗ്രഹിക്കുന്നവരാണ് സഭയിലെ ബഹുഭൂരിപക്ഷം വൈദികരും അസോസിയേഷൻ അംഗങ്ങളും. മലങ്കരസഭയിലെ മറ്റേത് വൈദികനേക്കാളും മുൻപിൽ നിൽക്കുന്ന ആളാണ് ഫാ.ഡോ.ഒ.തോമസ്. അദ്ദേഹത്തെ മാറ്റി. ആ മാറ്റം ഇനിയും തുടരുന്നതു സഭയ്ക്ക് ഗുണകരമാകുമെന്നതിൽ സംശയമില്ല. ഇന്ന് വൈദികട്രസ്റ്റി സ്ഥാനത്തേക്ക് വരാൻ യോഗ്യരായ ധാരാളം വൈദികശ്രേഷ്ഠർ മലങ്കരസഭയിലുണ്ട്. തീർച്ചയായും അവർക്ക് സാഹചര്യം ഒരുക്കേണ്ടതും ആവശ്യമാണ്. അതിന് പത്തനംതിട്ട അസോസിയേഷൻ ഒരു നല്ല മാതൃക കാണിക്കട്ടെ എന്ന് ആശംസിക്കുന്നു.

എം.ഒ.ജോണച്ചനെ സ്നേഹിക്കുന്ന വൈദികരും അസോസിയേഷൻ അംഗങ്ങളും വിശ്വാസികളും നൽകുന്ന പിന്തുണ അച്ചന് കൂടുതൽ ആത്മബലവും കരുത്തും നൽകുന്നതാണ്. അച്ചന് സ്ഥാനം ലഭിച്ചാൽ ദീർഘവീക്ഷണത്തോടെ മലങ്കരസഭയെ നയിക്കുന്ന പ.കാതോലിക്കാ ബാവാ പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയ്ക്കും പ.സുന്നഹദോസിനും ഉറച്ച പിന്തുണയായിരിക്കും. അതിന് ഇടയാകട്ടെ എന്ന പ്രാർത്ഥനയോടെ അച്ചന് എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

## മദ്യനിരോധന സമിതി സംവാദ വാഹനജാഥ തുടങ്ങി

കൊച്ചി : പ്രാദേശിക മദ്യനിരോധനാധികാരം പുനസ്ഥാപിച്ചുകൊണ്ടുള്ള സർക്കാർ പ്രഖ്യാപനം അഭിനന്ദനാർഹമാണെന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ വെളിപ്പെടുത്തി. ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ ജനം കൂടുതൽ ജാഗ്രത പാലിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. കേരളാ മദ്യനിരോധന സമിതിയുടെ ജനപ്രതിനിധി സംവാദ വാഹനജാഥ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ധാർമ്മികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാത്ത പൊതുപ്രവർത്തകരെ ജനങ്ങൾ തിരിച്ചറിയണമെന്നും അദ്ദേഹം പറഞ്ഞു. ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ മുഖ്യ പ്രഭാഷണം നടത്തി. ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്തിരിക്കുന്ന സമ്പൂർണ്ണ മദ്യനിരോധനം ദേശീയതയുടെ ഭാഗമാണെന്നും അത് നടപ്പിലാക്കുക തന്നെ വേണമെന്നും ജസ്റ്റിസ് കൃഷ്ണയ്യർ അഭിപ്രായപ്പെട്ടു.

മദ്യനിരോധന സമിതി സംസ്ഥാന പ്രസിഡന്റ് റവ.ഡോ.ജേക്കബ് മണ്ണാറപ്രായുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളെ അദ്ദേഹം ശ്ലാഘിച്ചു. യൂഹാനോൻ മാർ പോളീകാർപ്പോസ് മെത്രാപ്പോലീത്താ അനുഗ്രഹപ്രഭാഷണം നടത്തി. മദ്യനിരോധന പ്രവർത്തനങ്ങൾ വെറും ഒരു സാമൂഹിക പ്രവർത്തനം എന്നതിലുപരി ഒരു ദൈവീകശുശ്രൂഷയാണെന്ന് മെത്രാപ്പോലീത്താ ഉദ്ബോധിപ്പിച്ചു.

250 ദിവസം നീണ്ടുനിൽക്കുന്ന സംസ്ഥാനതല വാഹന സംവാദജാഥ ആയിരത്തിൽപരം പഞ്ചായത്തുകളും സന്ദർശിച്ച് തിരുവനന്തപുരത്തു സമാപിക്കുമെന്ന് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച സമിതി പ്രസിഡന്റ് റവ.ഡോ.ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ വെളിപ്പെടുത്തി.

## ഒന്നാം സ്ഥാനം ലഭിച്ചു



പത്തനാപുരം മൗണ്ട് താബോർ ദയറായിൽവെച്ച് 2011 നവംബർ മാസത്തിൽ അഖില മലങ്കര അടിസ്ഥാനത്തിൽ നടത്തപ്പെട്ട മാർ തോമ്മാ ദീവന്നാസിയോസ് മെമ്മോറിയൽ കലാമത്സരങ്ങളിൽ സീനിയർ വിഭാഗം സമൂഹഗാന മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ചുങ്കത്തറ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമായ ഫാ.ജോർജ് പി.ജോൺ പടിഞ്ഞാറുകരയുടെയും കൊച്ചുമറിയാമ്മയുടെയും മക്കളായ ജോൺസ് അബി ആൻഡ്രൂസും മറിയം റെഫ്ക്കാ ജോണും, ഫാ.മാത്യൂസ് വട്ടിയാനിക്കലിന്റെയും മറിയാമ്മയുടെയും മകൾ റൂത്ത് ആൻ മാത്യൂസും. ഇവരിൽ ജോൺസ് അബി ആൻഡ്രൂസ് സീനിയർ വിഭാഗം പ്രസംഗമത്സരത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

# 2012-2017 മലങ്കര അസോസിയേഷൻ പ്രതിനിധികൾക്ക് അഭിനന്ദനങ്ങൾ

## അഹമ്മദാബാദ് ഭദ്രാസനം, അഹമ്മദാബാദ് സെന്റ് മേരീസ് കത്തീഡ്രൽ



മത്തായി മാമ്പള്ളിൽ



ടി.ടി.കുറിയാക്കോസ്


തോമസ് കുരുവിള


പി.ഡി.ബേബി


## കൊട്ടാരക്കര - പുനലൂർ ഭദ്രാസനം, കരവാളൂർ സെന്റ് ജോർജ്


എം.കെ.ജോസ്



റ്റി.എം.വർഗീസ്

## ചെങ്ങന്നൂർ ഭദ്രാസനം, ചെറിയനാട് സെന്റ് മേരീസ്


കെ.എം.ഈശോ


സ്ക്കറിയാ ഏബ്രഹാം


ബിൽജി പി.വർഗീസ്



ജോർജ് എ.വർഗീസ്

## കണ്ടനാട് ഈസ്റ്റ് ഭദ്രാസനം, വരിക്കോലി സെന്റ് മേരീസ്


മത്തായി വർഗീസ്



പോൾസൺ മാലാൽ

## അടൂർ - കടമ്പനാട് ഭദ്രാസനം, അടൂർ കണ്ണംകോട് സെന്റ് തോമസ് കത്തീഡ്രൽ


പ്രൊഫ.വർഗീസ് പേരയിൽ


അടൂർ സുഭാഷ്


ബേബി ജോൺ


സുനിൽ കെ.ബേബി


ജിജോ ജോൺ

## അടൂർ - കടമ്പനാട് ഭദ്രാസനം, ഐയ്ക്കാട് സെന്റ് മേരീസ്


രാജിത്ത് ഈ.തോമസ്

## അടൂർ - കടമ്പനാട് ഭദ്രാസനം, കരുവാറ്റ സെന്റ് മേരീസ്


ജോസ് വർഗീസ്



എം.സി.വർഗീസ്


കോശി ജേക്കബ്

## ബാംഗ്ലൂർ ഭദ്രാസനം, ബാംഗ്ലൂർ സെന്റ് ബസേലിയോസ്


വി.ജെ.കോശി


പി.എം.ജോൺ



കെ.എം.ഡേവിഡ്


2012-2017 മലങ്കര അസോസിയേഷനിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിവിധ ഇടവകകളിൽനിന്നുള്ള പ്രതിനിധികളുടെ ഫോട്ടോ ലഭിക്കുന്നതനുസരിച്ച് മലങ്കരസഭാദീപത്തിൽ സൗജന്യമായി പ്രസിദ്ധീകരിക്കുന്നതാണ്. ഫോട്ടോ അയക്കേണ്ട വിലാസം : മലങ്കരസഭാദീപം, പി.ബി.നമ്പർ 611, കോട്ടയം - 686001, ഫോൺ : 0481-2585499, E-mail : frmojohn@yahoo.com

# 2012-2017 മലങ്കര അസോസിയേഷൻ പ്രതിനിധികൾക്ക് അഭിനന്ദനങ്ങൾ

## തുമ്പമൺ ഭദ്രാസനം, മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ


സണ്ണി വർഗീസ്


ഏബൽ മാത്യു


പി.ഐ.മാത്യു


ബാപ്പു ജോൺ


ഏബ്രഹാം കോശി


രാജു കെ.വർഗീസ്

## തുമ്പമൺ ഭദ്രാസനം, മുള്ളനിക്കാട് സെന്റ് മേരീസ്



ജോൺ തോമസ്


റ്റി.എ.ഈശോ


ബ്ലസൻ റ്റി.ഏബ്രഹാം

## തുമ്പമൺ ഭദ്രാസനം, നാരങ്ങാനം മാർ ഓസിയോസ്


പി.റ്റി.തോമസ്


കെ.തോമസ്


കെ.പി.ബേബിക്കുട്ടി

## തുമ്പമൺ ഭദ്രാസനം, ചെന്നീർക്കര - ഊന്നുകൽ സെന്റ് ജോർജ്


പി.വി.വിൽസൺ


എൻ.ഡി.വർഗീസ്

## തുമ്പമൺ ഭദ്രാസനം, എലിക്കോട് സെന്റ് ജോർജ്


എം.എം.മാത്യു


എം.ബി.രാജു

## തുമ്പമൺ ഭദ്രാസനം, വെട്ടിപ്പുറം സെന്റ് മേരീസ്


അനിൽ സാം



സുനിൽ ജോൺ

## തുമ്പമൺ ഭദ്രാസനം, അട്ടച്ചാക്കൽ മാർ പീലക്സിനോസ്


രാജു വർഗീസ്


ബിജു കൂടൽ


തോമസ് കാലായിൽ


റ്റി.എം.ജോണി

## തിരുവനന്തപുരം ഭദ്രാസനം, തുമ്പോട് സെന്റ് കുറിയാക്കോസ്


കെ.ജി.ചാക്കോച്ചൻ



റോയി തോമസ്


2012-2017 മലങ്കര അസോസിയേഷനിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിവിധ ഇടവകകളിൽനിന്നുള്ള പ്രതിനിധികളുടെ ഫോട്ടോ ലഭിക്കുന്നതനുസരിച്ച് മലങ്കരസഭാദീപത്തിൽ സൗജന്യമായി പ്രസിദ്ധീകരിക്കുന്നതാണ്. ഫോട്ടോ അയക്കേണ്ട വിലാസം : മലങ്കരസഭാദീപം, പി.ബി.നമ്പർ 611, കോട്ടയം - 686001, ഫോൺ : 0481-2585499, E-mail : frmojohn@yahoo.com


# 2012-2017 മലങ്കര അസോസിയേഷൻ പ്രതിനിധികൾക്ക് അഭിനന്ദനങ്ങൾ

### കൊല്ലം ഭദ്രാസനം, പുത്തൂർ സെന്റ് ജോർജ് വലിയപള്ളി


ജോർജ് തോമസ്


കെ.ഐ.കുറിയാക്കോസ്


ഐ.ബേബി


ബിനു പാപ്പച്ചൻ


ജോൺ മാത്യു



ഷാനു ഫിലിപ്പ്

### കൊല്ലം ഭദ്രാസനം, പുത്തൂർ സെന്റ് ജോർജ്


### കൊല്ലം ഭദ്രാസനം, പുത്തൂർ മൈലംകുളം സെന്റ് ജോർജ്


### തുമ്പമൺ ഭദ്രാസനം, ആമക്കുന്ന് സെന്റ് ജോർജ്


ഷാജി പണിക്കർ


ഡാനിയേൽകുട്ടി


കെ.ജി.കോശി


ബേബികുട്ടി എം.


ഗീവർഗീസ് ഡാനിയേൽ



അഡ്വ.സജേഷ് കെ.സാം

### കൊല്ലം ഭദ്രാസനം, മാധവശ്ശേരി മാർ തേവോദോറോസ്


### കൊല്ലം ഭദ്രാസനം, മാറനാട് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ്



അലക്സാണ്ടർ റ്റി.


തോമസ് ഇടിക്കുള


മാത്യൂസ് കോശി


ജോസ് ഡാനിയേൽ


വി.ഐ.ഫിലിപ്പ്


ഉമ്മൻ പണിക്കർ

### കൊല്ലം ഭദ്രാസനം, കുണ്ടറ തൃപ്പലഴികം സെന്റ് തോമസ് പുത്തൻപള്ളി

### കൊല്ലം ഭദ്രാസനം, കല്ലട പ്ലാന്തുണ്ടിൽ സെന്റ് തോമസ്

### കൊല്ലം ഭദ്രാസനം, കൈതക്കോട് ഇടവട്ടം സെന്റ് ജോർജ്


ജോൺ മാത്യു


പ്രൊഫ.എം.ചാക്കോ


വൈ.കുഞ്ഞാണ്ടി


ഏബ്രഹാം തോമസ്



വൈ.ഫിലിപ്പോസ്



മാത്യു സി.റ്റി.

2012-2017 മലങ്കര അസോസിയേഷനിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിവിധ ഇടവകകളിൽനിന്നുള്ള പ്രതിനിധികളുടെ ഫോട്ടോ ലഭിക്കുന്നതനുസരിച്ച് മലങ്കരസഭാദീപത്തിൽ സൗജന്യമായി പ്രസിദ്ധീകരിക്കുന്നതാണ്. ഫോട്ടോ അയക്കേണ്ട വിലാസം : മലങ്കരസഭാദീപം, പി.ബി.നമ്പർ 611, കോട്ടയം - 686001, ഫോൺ : 0481-2585499, E-mail : frmojohn@yahoo.com

# 2012-2017 മലങ്കര അസോസിയേഷൻ പ്രതിനിധികൾക്ക് അഭിനന്ദനങ്ങൾ

**കൊല്ലം ഭദ്രാസനം, ചൊവ്വള്ളൂർ സെന്റ് ജോർജ്**


ജി.സാംകുട്ടി


അഡ്വ.സജി ജോർജ്


**കൊല്ലം ഭദ്രാസനം, തേവലക്കര മർത്തമറിയം**


കെ.തങ്കച്ചൻ തരകൻ


എം.തോമസ് വൈദ്യൻ


സിബി വർഗീസ്

**കൊല്ലം ഭദ്രാസനം, മുതുപിലാക്കാട് സെന്റ് മേരീസ്**


കെ.എം.കോശി

**കൊല്ലം ഭദ്രാസനം, തേവലപ്പുറം സെന്റ് ജോർജ്**


കെ.ജോർജ്ജുകുട്ടി



കെ.കോശി


**കൊല്ലം ഭദ്രാസനം, അന്തമൺ സെന്റ് സെഹിയോൻ**


റ്റി.ജോയിക്കുട്ടി


**കൊല്ലം ഭദ്രാസനം, മഞ്ഞക്കാല മാർ ശെമവൂൻ ദെസ്തുനി**


ചാൾസ് തോമസ്



ബിനു ബേബി



ബിനു ഫിലിപ്പ്

**കൊല്ലം ഭദ്രാസനം, തലവൂർ സെന്റ് മേരീസ്**



രാജു ജോൺ


എൽ.ഡാനിയേൽ


വൈ.റോയിമോൻ


അജിമോൻ റ്റി.

**കൊല്ലം ഭദ്രാസനം, നടുത്തേരി സെന്റ് ജോർജ്**


റെജി തോമസ്


ജോസഫ് വി.

**കൊല്ലം ഭദ്രാസനം, പാണ്ടിത്തിട്ട സെന്റ് സ്റ്റീഫൻസ്**


റോയി തോമസ്


കെ.വൈ.തോമസ്

**കൊല്ലം ഭദ്രാസനം, കരിംതോട്ടുവാ സെന്റ് മേരീസ്**


എം.ജി.മാത്യു

**കൊല്ലം ഭദ്രാസനം, കുണ്ടറ സെന്റ് തോമസ് പുത്തൻപള്ളി**


ജേക്കബ് ജോൺ

**കൊല്ലം ഭദ്രാസനം, കുന്നത്തൂർ സെന്റ് ജോർജ്**


ഡാനിയേൽ

**കൊല്ലം ഭദ്രാസനം, പട്ടാഴി പന്ത്രണ്ടുമുറി സെന്റ് ഗ്രിഗോറിയോസ്**


റെനി പി.തോമസ്

2012-2017 മലങ്കര അസോസിയേഷനിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിവിധ ഇടവകകളിൽനിന്നുള്ള പ്രതിനിധികളുടെ ഫോട്ടോ ലഭിക്കുന്നതനുസരിച്ച് മലങ്കരസഭാദീപത്തിൽ സൗജന്യമായി പ്രസിദ്ധീകരിക്കുന്നതാണ്. ഫോട്ടോ അയക്കേണ്ട വിലാസം : മലങ്കരസഭാദീപം, പി.ബി.നമ്പർ 611, കോട്ടയം - 686001, ഫോൺ : 0481-2585499, E-mail : frmojohn@yahoo.com

# പഴയ സെമിനാരി മാനേജർ ഫാ.റ്റി.വി.വർഗീസ് സ്മരണാർഹനായ ഉത്തമവൈദികൻ

ഫാ.ഡോ.റ്റി.ജെ.ജോഷ

കാലമേറെച്ചെന്നാലും ഓർമ്മയിൽ നിന്നു മാഞ്ഞുപോകാത്ത ചില വ്യക്തിത്വങ്ങൾ ഉണ്ട്. അവരുടെ തനിമയാർന്ന സ്വഭാവം, സംഭാഷണ ശൈലി., സമീപന രീതി ഇവ ഒക്കെ തെളിമയോടെ ഓർമ്മയിൽ തങ്ങി നിൽക്കും. അവരുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു എങ്കിൽ അവരുടെ ഓർമ്മ മാധുര്യമുള്ള അനുഭവമായിത്തീരും. പഴയസെമിനാരി മാനേജരായി രണ്ടു പതിറ്റാണ്ടിലേറെ സ്തുത്യർഹമായ സേവനം നിർവ്വഹിച്ച്, ചുമതലയിൽ ഇരിക്കുമ്പോൾ തന്നെ മൺമറഞ്ഞ, താമരവേലിൽ റ്റി.വി. വർഗ്ഗീസച്ചന്റെ ഇരുപത്തഞ്ചാം ചരമ വാർഷികമാണ് ഈ മാർച്ചിൽ നടത്തുന്നത്. അച്ചനുമായി ഏറെക്കാലം അടുത്ത ബന്ധം പുലർത്താൻ കഴിഞ്ഞതിന്റെ നല്ല ചില സ്മരണകളാണ് ഇവിടെ അയവിറക്കുന്നത്. ഇന്നത്തെ തലമുറയ്ക്ക് അനുകരണാർഹങ്ങളായ പലതും ആ ജീവിതത്തിൽ പ്രതിഫലിച്ചിരുന്നു.

1956 ൽ എന്റെ കുടുംബം മാവേലിക്കരയിൽ താമസിക്കുമ്പോൾ അന്ന് മാവേലിക്കര പുതിയകാവു പള്ളിയിൽ സ്ലീബാദാസനായി താമസിച്ചു പ്രവർത്തിക്കുന്ന റ്റി. വി. വർഗ്ഗീസിനെയാണ് ഞാൻ ആദ്യം പരിചയപ്പെടുന്നത്. ദളിത വിഭാഗത്തിൽ നിന്ന് നമ്മുടെ സഭാംഗങ്ങളായിത്തീർന്നിട്ടുള്ളവരുടെ ഇടയിലെ പ്രവർത്തനത്തോടൊപ്പം, ഇടവകയിലെ ആദ്ധ്യാത്മീക സംഘടനകളിലും ഉത്സാഹമായി പ്രവർത്തിക്കുന്ന ഒരു യുവാവിനെയാണ് ഞാൻ അദ്ദേഹത്തിൽ കണ്ടത്. പിന്നീട് അദ്ദേഹം വൈദിക വിദ്യാഭ്യാസത്തിനായി സെമിനാരിയിൽ ചേർന്നപ്പോൾ ഞങ്ങളുടെ ബന്ധം മറ്റൊരു തലത്തിലായി. സ്ലീബാദാസ സമൂഹത്തിലെ പ്രവർത്തനം വൈദീകാഭ്യസനത്തിന് കൈമുതലായിത്തീർന്നിരിക്കുന്നു. വേദപുസ്തകപരിജ്ഞാനം, ആശയസംവേദനത്തിനുള്ള കഴിവ്, ഇവ അദ്ദേഹത്തിൽ പ്രകടമായിരുന്നു. ശിക്ഷണമാർന്ന ജീവിതചര്യ മറ്റുള്ളവർക്കു മാതൃകയായിത്തീർന്നു.

പഠനശേഷം വൈദീകനായിപ്രവർത്തിച്ച മൂന്നു ദേവാലയങ്ങൾ ഓർക്കുന്നു. കാരാപ്പുഴ, അയ്മ്പള്ളി (മണപ്പള്ളിച്ചാപ്പൽ), കൊല്ലാട്. ഈ ഇടവകകളിലെ ഇന്നുള്ള മുതിർന്ന ആളുകൾ വളരെ പ്രശംസയോടെയാണ് റ്റി.വി. വർഗ്ഗീസച്ചനെ അനുസ്മരിക്കുന്നത്. അദ്ദേഹത്തിന്റെ ഭക്തിസാന്ദ്രമായ ആരാധനയും, ആത്മാർത്ഥത നിറഞ്ഞ പെരുമാറ്റവും അവരുടെ ഓർമ്മയിൽ തങ്ങി നിൽക്കുന്നു. ഒരു അജപാലകനുണ്ടായിരിക്കേണ്ട സവിശേഷതകൾ എല്ലാം അവർ അദ്ദേഹത്തിൽ ദർശിച്ചു. ഇടവകകളുടെ ചുമതലയിൽ അദ്ദേഹം അധികനാൾ തുടർന്നില്ല. അപ്പോഴേക്കും പഴയസെമിനാരിയുടെ മാനേജരായി കാതോലിക്ക ബാവ അദ്ദേഹത്തെ നിയമിച്ചു. അതിനു മുമ്പ് ഏറെക്കാലം സെമിനാരി മാനേജരായി പ്രവർത്തിച്ചത് പരിണതപ്രജ്ഞനായ തലക്കുളത്ത് ഫാദർ റ്റി.സി.ജേക്കബ്ബായിരുന്നു. അതിനു ശേഷം കുറെക്കാലം ഫാദർ.കെ.ഫിലിപ്പോസ് (പിന്നീട് മാർ തെയോഫിലോസ്) ആ ചുമതല വഹിച്ചു. എന്നാൽ അത് ഒരു താൽക്കാലിക ക്രമീകരണം മാത്രമായിരുന്നു. തുടർന്നാണ് ഫാദർ.റ്റി.വി.വർഗീസ് മാനേജരാകുന്നത്. പ്രായത്തിലും വലിപ്പത്തിലും ചെറുപ്പമായിരുന്നു എങ്കിലും, പ്രവർത്തന പരിചയം അദ്ദേഹത്തിനു കൈമുതലായിട്ടുണ്ടായിരുന്നു. ആത്മീയതയിൽ നിന്നും ലഭിക്കുന്ന ആത്മവിശ്വാസം പുതിയ ദൗത്യം ഏറ്റെടുക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കി.

പഴയസെമിനാരിയുടെ പഴയ കെട്ടിടവും (നാലുകെട്ട്) ചാപ്പലും, പഴയ സെമിനാരി പറമ്പും സെമിനാരി മാനേജരുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ്. എന്നാൽ വൈദീകസെമിനാരിയും (പുതിയ കെട്ടിട സമുച്ചയം) അതിന്റെ നടത്തിപ്പും , മേൽനോട്ടവും ഭരണക്രമീകരണങ്ങളും എല്ലാം സെമിനാരി പ്രിൻസിപ്പലിന്റേയും ഫാക്കൽറ്റിയുടേയും പൂർണ്ണനിയന്ത്രണത്തിലും. അങ്ങനെ ഒരു ദ്വിഭരണമാണ് അവിടെയുള്ളത് എന്ന് അധികമാർക്കും അറിഞ്ഞുകൂടാ. വൈദീക സെമിനാരിയും ഫാക്കൽറ്റിയും പഴയസെമിനാരിമാനേജരും തമ്മിൽ എന്നും നല്ല ബന്ധമാണ് നില നിന്നിട്ടുള്ളത്. കാരണം സെമിനാരിയുടെ പൂർവ്വ വിദ്യാർത്ഥിയാണ് മാനേജരായി നിയമിക്കപ്പെടുന്നത്.



അങ്ങനെ ആദ്യമായി നിയമിക്കപ്പെടുന്ന ആളായിരുന്നു വർഗീസച്ചൻ. വൈദീക സെമിനാരിഫാക്കൽറ്റിയുടെ അംഗമല്ലെങ്കിലും, സെമിനാരിയുടെ എല്ലാ കാര്യങ്ങളിലും അച്ചന്റെ സേവനവും സഹകരണവും ലഭ്യമായിരുന്നു.

**(1) വിശ്വസ്തനായ കാര്യ വിചാരകൻ** : ആ വ്യക്തിത്വത്തെ വിലയിരുത്തുമ്പോൾ ആദ്യമായി മനസ്സിൽ വരുന്ന കാര്യം അദ്ദേഹത്തിന്റെ ഉത്തമ കാര്യവിചാരകത്വബോധമാണ്. വിസ്തൃതമായ സെമിനാരി പുരയിടത്തിന്റെ എല്ലാ മുക്കിലും മൂലയിലും നോട്ടം ചെന്നെത്തണമെന്നു മാത്രമല്ല, തേങ്ങായുടേയും റബ്ബറിന്റേയും എല്ലാം കൃത്യമായ കണക്കും സൂക്ഷിച്ചു സംരക്ഷിച്ചിരുന്നു. കഠിനമായ ആസ്തമാരോഗി ആയിരുന്നെങ്കിലും എല്ലായിടത്തും എല്ലാറ്റിലും അദ്ദേഹത്തിന്റെ സാന്നിധ്യവും മേൽനോട്ടവും എത്തും. കൃത്യമായ കണക്ക് എഴുതി സൂക്ഷിക്കുകയും യഥാസ്ഥാനങ്ങളിൽ അതു യഥാസമയം സമർപ്പിക്കുകയും ചെയ്തു പോന്നു. അതുകൊണ്ട് മലങ്കര മെത്രാപ്പോലീത്തായ്ക്ക് എല്ലാ കാര്യങ്ങളിലും അദ്ദേഹത്തെ വിശ്വാസമായിരുന്നു. പല ഉത്തരവാദപ്പെട്ട ചുമതലകളും അദ്ദേഹത്തെ ഏൽപ്പിച്ചിരുന്നു. ഇന്ന് വിശ്വസ്തതയും സത്യസന്ധതയും സമൂഹത്തിൽ അസ്തമിച്ചു വരികയാണ്. കൃത്രിമവും , കാപട്യവും , വഞ്ചനയും അരങ്ങു വാഴുമ്പോൾ പ്രകാശ ഗോപുരങ്ങളായി ചിലർ നിലകൊള്ളേണ്ടത് ആവശ്യമാണ്.

**(2) ആത്മീയകാര്യങ്ങളിലെ നിഷ്ഠ** : ആരാധനയിൽ സംബന്ധിക്കുന്നത് ഒരു വ്രതമായി എടുത്തിരുന്നു. രാവിലേയും വൈകിട്ടുമുള്ള നമസ്കാരത്തിൽ ഒരിക്കലും മുടക്കം വരുത്തുകയില്ല. ആസ്മായുടെ കാഠിന്യത്താൽ രാത്രി ഉറങ്ങുവാൻ കഴിയാതെ അസ്വസ്ഥനായിക്കഴിഞ്ഞിരുന്നാലും പ്രഭാത നമസ്കാരത്തിന് ആരെയുംകാൾ മുമ്പിൽ അദ്ദേഹം ചാപ്പലിൽ എത്തിയിരിക്കും. സെമിനാരി വിദ്യാർത്ഥികൾക്ക് അത് മാതൃകയും പ്രചോദനവുമായിരുന്നു. അതുപോലെ അദ്ദേഹം അനുഷ്ഠിക്കുന്ന ശുശ്രൂഷകൾ ഭക്തി സംവർദ്ധകമായിരുന്നു. അനുതാപവീചികൾ ഉണർത്തുവാൻ പര്യാപ്തമായിരുന്നു. ആരാധന ഒരു പ്രകടനമാക്കി മാറ്റുന്നവരാണ് പലരും. കൃത്രിമമായ വലിച്ചുനീട്ടലും രാഗവിസ്താരവുമൊക്കെ ആരാധനയിൽ കടത്തിവിട്ട്, റിയാലിറ്റിഷോ പോലെ ആക്കുന്ന പ്രവണത കാണുമ്പോൾ നിരാശപ്പെട്ട് പോവുകയാണ്. അത്തരക്കാരെ വറുഗീസച്ചൻ നിശിതമായി വിമർശിക്കുകയായിരുന്നു.

ആരോഗ്യത്തിന്റെ പ്രശ്നം ഏറെ ഉണ്ടായിരുന്നുവെങ്കിലും നോമ്പും ഉപവാസവും കൃത്യമായി അനുഷ്ഠിച്ച വ്യക്തിയാണ്. അദ്ദേഹത്തിന്റെ ബലം ഇത്തരം നിഷ്ഠയായിരുന്നു. സെമിനാരി വിദ്യാർത്ഥികൾക്ക് അച്ചന്റെ ഉപദേശവും മാതൃകയും വിലപ്പെട്ടതായിരുന്നു. അവർക്ക് അധ്യാപകരോടുള്ള അടുപ്പത്തേക്കാൾ അധികം മാനേജരച്ചനോടായിരുന്നു എന്നു പറയാം. അവരുടെ പ്രശ്നങ്ങൾ അറിയിക്കാനും ഉപദേശം തേടാനും, ആലോചന ചോദിക്കാനുമൊക്കെ അച്ചനെയാണ് അവർ അധികം സമീപിച്ചിരുന്നത്. അച്ചന് അസുഖമുള്ളപ്പോഴൊക്കെ വിദ്യാർത്ഥികൾ എല്ലാ ശുശ്രൂഷകൾക്കും പരിചരണങ്ങൾക്കും സഹായത്തിനും അദ്ദേഹത്തിന്റെ മുറിയിൽ എത്തും.

**(3) വ്യക്തി ബന്ധങ്ങൾ** : വലിപ്പച്ചെറുപ്പം വ്യത്യാസമില്ലാതെ സമൂഹത്തിലെ എല്ലാവരുമായി നല്ല ബന്ധം അദ്ദേഹം പുലർത്തിയിരുന്നു. സമുദായ ട്രസ്റ്റി ഉപ്പൂട്ടിൽ ശ്രീ.കുര്യൻ എബ്രാഹാമുമായും സെമിനാരി വാച്ചർ കുട്ടൻ ചേട്ടനുമായും ഉത്തമമായ ബന്ധം പുലർത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. എല്ലാ തിരുമേനിമാരോടും ആദരവും ബഹുമാനവും പുലർത്തി. എന്നാൽ തിരുമുമ്പിൽ സേവ അദ്ദേഹം ഒരിക്കലും നടത്തിയിരുന്നില്ല. ആർജ്ജവത്വവും ആത്മാർത്ഥതയുമില്ലാത്തവർക്ക് നല്ല ബന്ധം സാധ്യമല്ല. കപടമുഖം വെളിവാകുമ്പോൾ ബന്ധങ്ങൾക്കു ശൈഥില്യം സംഭവിക്കും. കപടതയില്ലാത്ത (ഉപായമില്ലാത്ത) സാക്ഷാൽ യിസ്രായേല്യൻ എന്നു നഥനയേലിനെപ്പറ്റി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് വറുഗീസച്ചനെക്കുറിച്ചും പറയാവുന്നതാണ്.

സഭയുടെ ഏതു ഭാഗത്തു നടക്കുന്ന സംഭവവും അച്ചന്റെ അറിവിൽപ്പെടുമായിരുന്നു .മറ്റുള്ളവരുമായി നല്ല ബന്ധം പുലർത്തുന്നതുകൊണ്ട് എല്ലാ കാര്യങ്ങളും അച്ചനുമായി അവർ പങ്ക് വയ്ക്കും. എന്നാൽ ഇരുചെവി അറിയരുത് എന്നു നമ്മൾ നിഷ്കർഷിക്കുന്ന കാര്യങ്ങൾ ഭദ്രമായി സൂക്ഷിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഞങ്ങൾ തമ്മിൽ എല്ലാ ദിവസവും അല്പസമയം കുശലപ്രശ്നം നടത്തുമായിരുന്നു. വ്യക്തിപരമായും സഭാപരമായും ഉള്ള പല കാര്യങ്ങളും അദ്ദേഹവുമായി ഞാൻ ചർച്ച ചെയ്തിരുന്നു. പരേതനായ കെ.എം. അലക്സാണ്ടറച്ചനുമായും മാനേജരച്ചൻ അടുത്ത ആഭിമുഖ്യം പുലർത്തിയതായി ഓർക്കുന്നു.

സെമിനാരിയിൽ അനേകം മാനേജർമാർ പ്രവർത്തിച്ചിട്ടുണ്ട്. അവരിൽ ആരുടേയും ചിത്രങ്ങൾ അവിടെ സൂക്ഷിച്ചിട്ടില്ല. എന്നാൽ ഫാക്കൽറ്റിയുടെ ഭക്ഷണശാലയിൽ റ്റി.വി.വർഗീസച്ചന്റെ ചിത്രം സൂക്ഷിച്ചിട്ടുള്ളത് അവിടെയിരിക്കുമ്പോൾ ആ പഴയ പ്രവർത്തകനെ ഓർക്കുവാൻ ഉപകരിക്കുന്നു. ആത്മീയ നിഷ്ഠ, പ്രകടനപരമല്ലാത്ത ഭക്തി, കാര്യക്ഷമത, വിശ്വസ്തത, അർപ്പണബോധം എന്നിങ്ങനെ പല കാര്യങ്ങൾക്കും മാതൃകയാക്കാവുന്ന ഒരു ധന്യ ജീവിതമായിരുന്നു ഇരുപത്തഞ്ചു വർഷങ്ങൾക്കു മുമ്പ് മൺ മറഞ്ഞത്. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്കു മുമ്പിൽ എന്റെ വിനീത പ്രണാമം.

# കറ്റാനം വലിയപള്ളി പെരുന്നാൾ

കറ്റാനം : സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് വലിയപള്ളിയിൽ ആണ്ടുതോറും നടത്തിവരുന്ന മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ജനുവരി 20 മുതൽ 23 വരെ മെത്രാപ്പോലീത്തന്മാരായ പൗലോസ് മാർ പക്കോമിയോസ്, സഖറിയാസ് മാർ അന്തോണിയോസ്, ഡോ.മാത്യൂസ് മാർ സേവേറിയോസ്, ഡോ.യൂഹാനോൻ മാർ തേവോദോറോസ്, മാത്യൂസ് മാർ തേവോദോസിയോസ് എന്നിവരുടെ മുഖ്യകാർമ്മികത്വത്തിൽ വി.മൂന്നിന്മേൽ കുർബ്ബാന, വി.അഞ്ചിന്മേൽ കുർബ്ബാന, സുവിശേഷ പ്രസംഗങ്ങൾ, ഗാനശുശ്രൂഷ, ചെമ്പെടുപ്പ്, റാസ, സെമിത്തേരിയിൽ ധൂപപ്രാർത്ഥന എന്നീ പരിപാടികളോടുകൂടി ആഘോഷിച്ചു. വികാരി ഫാ.കെ.കെ.തോമസ്, ജോസ് ഡാനിയേൽ, റ്റി.ജി.ഐസക്ക്, എം.ജോർജ്ജുകുട്ടി തുടങ്ങിയവർ നേതൃത്വം നൽകി.

# പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ലില്ലി ബോംബെ**

# വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം

**സാലി തോമസ് കുളത്തുപ്പുഴ**

# അത്മായ ട്രസ്റ്റി സ്ഥാനത്തേക്ക് സി.സി.ചെറിയാൻ രംഗത്ത്



മലങ്കരസഭാ അത്മായട്രസ്റ്റിയായി പിരളശേരി സെന്റ് ജോർജ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സിംഹാസനപള്ളി ഇടവകാംഗം സി.സി.ചെറിയാൻ മത്സര രംഗത്ത് സജീവ സാന്നിദ്ധ്യം ഉറപ്പിച്ചു കഴിഞ്ഞു. സഭയുടെ വിവിധ സമിതികളിൽ തിളക്കമാർന്ന പ്രവർത്തനങ്ങൾകൊണ്ട് ശ്രദ്ധപിടിച്ചുപറ്റിയിട്ടുള്ള സി.സി.ചെറിയാൻ ആദ്ധ്യാത്മിക രംഗത്ത് എപ്പോഴും ചടുലമായ ചലനങ്ങൾ ഉയർത്തിയിട്ടുള്ള വ്യക്തിയാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്ത് നാഗാലാന്റ് ഗവൺമെന്റിന്റെ ആഭ്യന്തര വകുപ്പിൽ ഔദ്യോഗിക പ്രവർത്തനമാരംഭിക്കുമ്പോൾ ഒപ്പം ഷില്ലോംഗിൽ ഓർത്തഡോക്സ് സഭയുടെ ആരാധന ആരംഭിക്കുവാനും ശ്രമമാരംഭിച്ചു. അങ്ങനെ ഷില്ലോംഗ് ഹൈ ചർച്ചിൽ ഓർത്തഡോക്സ് സഭാവിശ്വാസികൾക്കായി വി. കുർബ്ബാന നടത്താനുള്ള ക്രമീകരണം ആരംഭിച്ചത് ഇദ്ദേഹമായിരുന്നു.

തുടർന്ന് 1974-ൽ ദുബായിൽ ഔദ്യോഗിക പ്രവർത്തനം ആരംഭിച്ചപ്പോഴും സഭാപ്രവർത്തനത്തിൽ ബദ്ധശ്രദ്ധനായിരുന്നു. ആരംഭകാലത്ത് ദുബൈ സെന്റ് തോമസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ നിർമ്മാണ കമ്മിറ്റിയംഗമായും 1994-ൽ പുതിയ ദേവാലയത്തിന്റെ ധനശേഖരണ കമ്മിറ്റി കൺവീനറായും പ്രവർത്തിച്ച് ദേവാലയത്തിന്റെ പൂർത്തീകരണത്തിൽ മുഖ്യ പങ്കാളിയായി. ദുബൈ സണ്ടേസ്ക്കൂൾ അദ്ധ്യാപകൻ, പ്രധാന അദ്ധ്യാപകൻ, എക്യുമെനിക്കൽ സണ്ടേസ്ക്കൂൾ പ്രസ്ഥാനം സെക്രട്ടറി തുടങ്ങിയ നിലകളിലെല്ലാം ഇദ്ദേഹം പ്രധാന പ്രവർത്തകനായിരുന്നു.

ദുബായ് ഇടവകയിൽനിന്നും വിവിധ ഇടവകകളിലേക്ക് സഹായം എത്തിക്കുന്നതിലും പ്രോജക്റ്റുകൾ സ്പോൺസർ ചെയ്യിക്കുന്നതിലും എല്ലാം സി.സി.ചെറിയാൻ മുഖ്യധാരയിൽ പ്രവർത്തിച്ചിരുന്നു.

മലബാർ ഭദ്രാസന വികസനത്തിനു വേണ്ടി ദുബൈ ഇടവക ആരംഭിച്ച ചുങ്കത്തറ എരുമമുണ്ട പ്രോജക്റ്റിന്റെ പ്രധാന ചുമതലക്കാരനായി പ്രവർത്തിച്ച് സഹായം എത്തിച്ചിരുന്നു.


ഇതിനു മുമ്പ് രണ്ടു ടേം അതായത് 1985-89, 2000-2005 കാലയളവിൽ മാനേജിംഗ് കമ്മിറ്റി അംഗമായിരുന്നിട്ടുണ്ട്.

ഇദ്ദേഹം ദീർഘവീക്ഷണത്തോടെ കണ്ടെത്തി നടത്തിയിരുന്ന പല അഭിപ്രായങ്ങളും സഭയുടെ വളർച്ചയിൽ നാഴികക്കല്ലുകൾ ആയിട്ടുണ്ട്. ഒരുസമയത്ത് സഭയ്ക്ക് നഷ്ടമാകുമെന്നു കരുതിയിരുന്ന കുശാൽ നഗറിലെ 40 ഏക്കർ സ്ഥലം സഭയ്ക്ക് ഒരു പ്രധാന സ്വത്താക്കി മാറ്റുവാൻ ഇദ്ദേഹം ചെയ്ത പരിശ്രമം ഒരിക്കലും വിസ്മരിക്കാവുന്നതല്ല.

കഴിഞ്ഞ 5 വർഷങ്ങളായി പിരളശ്ശേരി സെന്റ് ജോർജ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സിംഹാസനപള്ളിയുടെ സെക്രട്ടറിയാണ്. നഷ്ടത്തിൽ ഓടിയിരുന്ന കാതോലിക്കേറ്റ് പ്രസിന്റെ മാനേജരായി ചുമതലയേറ്റപ്പോൾ വരുമാനം വർദ്ധിപ്പിക്കയും അതിനെ ലാഭത്തിലാക്കുകയും ചെയ്ത ഇദ്ദേഹത്തിന്റെ പ്രവർത്തനം പ്രശംസാവഹമാണ്.


സഭയുടെ ഔദ്യോഗിക പത്രമായ മലങ്കരസഭാ പത്രികയുടെ സർക്കുലേഷൻ മാനേജരാണ്. സ്ലീബാദാസ സമൂഹത്തിന്റെ ഭവനദാന പദ്ധതിയിൽ മദ്ധ്യമേഖലാ കൺവീനറായി പ്രവർത്തിക്കുന്നു. മുളക്കുഴയിൽ പ്രവർത്തിക്കുന്ന സെഞ്ച്വറി ഹോസ്പിറ്റലിന്റെ ആരംഭം മുതൽ പി.ആർ.ഒ. ആയി പ്രവർത്തിച്ച് വളരെയേറെ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. ഹോസ്പിറ്റലിനോടനുബന്ധിച്ചുള്ള എം.ആർ.ഐ. സ്കാനിങ്ങിന്റെ എം.ഡി. ആയി ഇപ്പോൾ പ്രവർത്തിക്കുന്നു. ഇന്ന് സഭയ്ക്ക് കൈമോശം വന്നിട്ടുള്ള പ്രതാപവും ആത്മധൈര്യവും വീണ്ടെടുക്കുവാനും, കാതോലിക്കേറ്റ് സ്ഥാപന ശതാബ്ദി വർഷത്തിൽ അഭിമാനത്തോടെ കുതിച്ചുയരുവാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയെന്നതാണ് ഈ പുതിയ നിയോഗത്തിലൂടെ അദ്ദേഹം സാധ്യമാകുവാൻ ആഗ്രഹിക്കുന്നത് എന്ന് പറയുകയുണ്ടായി.

ആദ്ധ്യാത്മിക സംഘടനകളുടെ വളർച്ച, ജീവകാരുണ്യ പ്രവർത്തന സംവിധാനങ്ങൾ, വിദ്യാഭ്യാസ മേഖലയിലേക്ക് ഒരു പുതിയ കാൽവെയ്പ്പ് മുതലായവ തന്റെ ലക്ഷ്യമാണെന്ന് സി.സി.ചെറിയാൻ അവകാശപ്പെടുന്നു. ഏതായാലും ഭരണതലങ്ങളിൽ ഒരു മാറ്റം സംഭവിച്ചാൽ പ.ബാവാ തിരുമേനിയുടെയും മെത്രാപ്പോലീത്തന്മാരുടെയും അനുഗ്രഹാശിസുകളോടെ സമഗ്രമായ വികസനത്തിനും വളർച്ചയ്ക്കും വേണ്ടി അക്ഷീണം പരിശ്രമിക്കുമെന്ന് ഇദ്ദേഹം അവകാശപ്പെടുന്നു.



പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന ഫാ.മാത്യൂസ് തരകൻ

# ഫാ.തോമസ് തേക്കിൽ തെരഞ്ഞെടുക്കപ്പെട്ടു



ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ കേരളാ ഓക്സിലറി കേന്ദ്ര കമ്മിറ്റിയിലേക്ക് ഫാ.തോമസ് തേക്കിൽ നിയമിക്കപ്പെട്ടു. മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിക്കുന്ന ഏക വൈദികനാണ്. കല്ലിശ്ശേരി ബൈബിൾ സൊസൈറ്റി പ്രസിഡന്റാണ്. മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി മെമ്പർ, പരുമല കൗൺസിൽ മെമ്പർ, നെടുമ്പ്രം വൈ.എം.സി.എ. പ്രസിഡന്റ്, ഉമയാറ്റുകര സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി വികാരി എന്നീ നിലകളിൽ സേവനമനുഷ്ഠിക്കുന്നു.

# അത്മായട്രസ്റ്റി സ്ഥാനത്തേക്ക് എം.ജി.ജോർജ് മുത്തൂറ്റ് വീണ്ടും മത്സരിക്കുന്നു



കഴിഞ്ഞ അഞ്ചുവർഷക്കാലം അത്മായ ട്രസ്റ്റിയായിരുന്ന എം.ജി.ജോർജ് മുത്തൂറ്റ് വീണ്ടും സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ച് മത്സര രംഗത്തുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലം മലങ്കരസഭയ്ക്കുണ്ടായ നേട്ടങ്ങളുടെ പട്ടിക നിരത്തിക്കൊണ്ടാണ് എം.ജി. ജോർജ് മുത്തൂറ്റ് മത്സരരംഗത്ത് ഇറങ്ങിയിരിക്കുന്നത്. സഭയിലെ എല്ലാ ഭദ്രാസനങ്ങളിലും ഈ കാലയളവിൽ ഓടിയെത്തുവാൻ അത്മായട്രസ്റ്റിക്ക് സാധിച്ചിട്ടുണ്ട്.

വിവിധ ഭദ്രാസനങ്ങളിൽ സഭാംഗങ്ങൾ നേരിടുന്ന പ്രയാസങ്ങളിൽ എപ്പോഴും പങ്കുചേരുവാൻ എം.ജി.ജോർജ് മുത്തൂറ്റ് ശ്രമിച്ചിട്ടുണ്ട്. ഇന്ത്യയിൽ ടാറ്റാ, റിലയൻസ് എന്നിവയ്ക്കുശേഷം മൂന്നാമത്തെ കമ്പനിയുടെ ചെയർമാൻ എന്ന നിലയിലുള്ള തിരക്കുകളൊന്നും സഭയുടെ കാര്യങ്ങളിൽ ഇടപെടുന്നതിന് മുത്തൂറ്റ് എം.ജി.ജോർജിനെ ബാധിക്കാറില്ല. സഭയ്ക്കുവേണ്ടി ഇത്രയധികം സമയവും സമ്പത്തും വിനിയോഗിക്കുന്ന സഭാംഗങ്ങൾ ചുരുക്കമാണെന്ന് വിലയിരുത്തപ്പെടുന്നു. അദ്ദേഹം ഇടവകകൾക്കും ഭദ്രാസനങ്ങൾക്കും വ്യക്തികൾക്കും ആശ്രമങ്ങൾക്കും കാരുണ്യസ്ഥാപനങ്ങൾക്കും ആത്മീയപ്രസ്ഥാനങ്ങൾക്കും ഒക്കെ ചെയ്യുന്ന സഹായങ്ങൾ വളരെയാണ്. ദശാംശം ദൈവത്തിനുള്ളത് എന്ന സന്ദേശത്തിന്റെ പ്രാധാന്യം എം.ജി.ജോർജ് മുത്തൂറ്റും സ്വന്തം ജീവിതംകൊണ്ടും പ്രസംഗങ്ങൾകൊണ്ടും പ്രവർത്തികൾകൊണ്ടും തെളിയിക്കാൻ ശ്രമിക്കുന്നുണ്ട്. കാതോലിക്കാദിനപ്പിരിവിന്റെ വളർച്ചയിൽ മുത്തൂറ്റ് എം.ജി.ജോർജിന്റെ ശക്തമായ നിലപാടുകൾ നിർണ്ണായകമായിട്ടുണ്ട്. അഞ്ചുവർഷം മുമ്പ് കാതോലിക്കാദിനപ്പിരിവ് കേവലം ഒരുകോടി രൂപയിൽ താഴെമാത്രമായിരുന്നുവെങ്കിൽ ഇന്ന് അത് നാലിരട്ടിയിലധികമായി വർദ്ധിച്ചിരിക്കുന്നു. 2007-ൽ തന്നെ അഞ്ചുകോടിയായി ടാർജറ്റ് ഉയർത്തണമെന്ന് ശക്തിയായി വാദിച്ചത് അദ്ദേഹമായിരുന്നു. സഭയിൽ ഏറ്റവും അധികം തുക കാതോലിക്കാ ദിനപ്പിരിവിലേക്ക് നൽകി അദ്ദേഹം മാതൃക കാട്ടിയിരുന്നു.

പതിനാറ് ഡിവിഷൻസും മൂവായിരത്തിൽപരം ജീവനക്കാരും നാലായിരം ബ്രാഞ്ചുകളുമുള്ള മുത്തൂറ്റ് ഗ്രൂപ്പിന്റെ ചെയർമാൻ എന്ന നിലയിൽ സ്തുത്യർഹമായ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശ്രീ.എം.ജി.ജോർജ് മുത്തൂറ്റിന് അനേക അവാർഡുകളും പുരസ്ക്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

# ഫാ.മാത്യു വർഗീസ്....പേജ് 1-ൽനിന്ന്

ഫാ.മാത്യു വർഗീസിനോടടുത്ത വൃത്തങ്ങളുടെ പ്രതികരണം.

വൈദികട്രസ്റ്റി തെരഞ്ഞെടുപ്പിൽ ഏറ്റവും ആദ്യം പ്രചരണത്തിനിറങ്ങുകയും വളരെ ആസൂത്രിതവും വ്യാപകവുമായ പ്രചരണം നടത്തുകയും ചെയ്ത ആളായിരുന്നു ഫാ. മാത്യു വർഗീസ്. അതിലദ്ദേഹത്തെ അഭിനന്ദിച്ചേ മതിയാകൂ. ചെങ്ങന്നൂർ മാവേലിക്കര ഭദ്രാസനങ്ങളിലെ ചില വൈദികരും അദ്ദേഹത്തോടൊപ്പം പ്രചരണത്തിനുണ്ടായിരുന്നു. മത്സരത്തിന്റെ ഗതി മനസ്സിലാക്കി അദ്ദേഹം സ്വയം രംഗത്തുനിന്ന് പിന്മാറുകയായിരുന്നു. ആരുടേയും സമ്മർദ്ദവും വാഗ്ദാനങ്ങളും സ്വാധീനവും ഈ പിന്മാറ്റത്തിന്റെ പിന്നിലില്ല. അദ്ദേഹം സ്വയം പിന്മാറിയതാണ് എന്നാണറിയുന്നത്. അത് ഫാ.ഡോ.എം.ഒ.ജോണിന്റെ ഭൂരിപക്ഷം വർദ്ധിപ്പിക്കും എന്നതിൽ സംശയമില്ല.

# ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ ശ്രേഷ്ഠ ബാവാ കയറാൻ തുടങ്ങിയത് 2005 ജൂലൈ മുതൽ

വർഗീസ് ആലുവാ

ആലുവാ : പൂട്ടിക്കിടക്കുന്ന തൃക്കുന്നത്ത് സെമിനാരി ചാപ്പലിനോട് ചേർന്നുള്ള പിതാക്കന്മാരുടെ കബറിടങ്ങളിൽ ശ്രേഷ്ഠ ബാവാ പ്രവേശിക്കാൻ തുടങ്ങിയത് 2005 ജൂലൈ മുതൽ. കഴിഞ്ഞ 30 വർഷത്തിലധികമായി തൃക്കുന്നത്ത് സെമിനാരി മാനേജരായിരുന്ന വെരി.റവ. ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പായെ തൽസ്ഥാനത്തുനിന്ന് മാറ്റി ബോബി വർഗീസ് അച്ചനെ നിയമിച്ച സാഹചര്യത്തിൽ ശ്രേഷ്ഠ ബാവാ സെമിനാരി കവാടത്തിൽ നിരാഹാര സത്യാഗ്രഹം ആരംഭിക്കുകയും അവിടെ സംഘർഷാവസ്ഥ സംജാതമാകുകയും ചെയ്തു. അപ്പോഴുണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഓർത്തഡോക്സ് സഭയുടെ അനുമതിയോടെ വമ്പിച്ച പോലീസ് ബന്ധവസിൽ ശ്രേഷ്ഠ ബാവാ സെമിനാരി ചാപ്പലിൽ പ്രവേശിച്ച് പ്രാർത്ഥന നടത്തി. 2006-ൽ ജനുവരിയിലെ പെരുന്നാളിനോടനുബന്ധിച്ചും അഭിവന്ദ്യ യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായും ഫാ.ബോബി വർഗീസും സെമിനാരിയുടെ ചുമതല വഹിക്കുമ്പോൾ ശ്രേഷ്ഠ ബാവാ ആഘോഷമായി സെമിനാരി കബറിടങ്ങളിൽ പ്രവേശിച്ച് ധൂപ പ്രാർത്ഥന നടത്തി. 2007 സെപ്റ്റംബർ മുതലാണ് ഫാ.ഡോ.എം.ഒജോൺ സെമിനാരി മാനേജരായി ചുമതലയേറ്റത്. ഫാ.ഡോ.എം.ഒ.ജോൺ സെമിനാരി മാനേജർ സ്ഥാനത്തുനിന്ന് മാറി വെരി.റവ.മത്തായി ഇടയനാൽ കോർഎപ്പിസ്കോപ്പാ മാനേജരായതുമുതലാണ് എല്ലാ പെരുന്നാളിനോടനുബന്ധിച്ചും ശ്രേഷ്ഠ ബാവാ കബറിടങ്ങളിലും അതോടൊപ്പംതന്നെ ചാപ്പലിലും പ്രവേശിക്കാൻ ആരംഭിച്ചത്. ഫാ.ഡോ.എം.ഒ.ജോൺ സെമിനാരി മാനേജർ ആയിരുന്നപ്പോൾ മുതലാണ് ശ്രേഷ്ഠ ബാവാ കബറിടത്തിലും ചാപ്പലിലും പ്രവേശിക്കാൻ തുടങ്ങിയത് എന്ന ആരോപണം അടിസ്ഥാന രഹിതമാണ്.

# മർത്തമറിയം സമാജം വാർഷികം

കർണ്ണാടക : ബ്രഹ്മവാർ ഭദ്രാസനത്തിലെ സൗത്ത് കാനറ റീജിണൽ മർത്തമറിയം വനിതാ സമാജത്തിന്റെ വാർഷികം ജനുവരി 26ന് പതാവ് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽവെച്ച് ആഘോഷിച്ചു. വികാരി ഫാ.എം.സി.മത്തായി സ്വാഗതം ആശംസിച്ച് വാർഷിക പരിപാടികളുടെ വിശദീകരണം നൽകി. റവ.ജി.എം.സ്ക്കറിയാ റമ്പാൻ വാർഷികം ഉദ്ഘാടനം ചെയ്തു. റവ.മാണി കോർഎപ്പിസ്കോപ്പാ, ഫാ.ഗീവർഗീസ് മാത്യു, ഫാ.എൽദോ, ഫാ. ഗീവർഗീസ് എന്നിവർ സന്നിഹിതരായിരുന്നു. വിവിധ ആദ്ധ്യാത്മിക മത്സരങ്ങൾ നടന്നു. ചാമ്പ്യൻഷിപ്പിൽ ഒന്നാംസ്ഥാനം പതാവ് സെന്റ് ജോർജ് ചർച്ചും രണ്ടാം സ്ഥാനം നെല്യാടി സെന്റ് ഗ്രിഗോറിയോസ് ചർച്ചും കരസ്ഥമാക്കി. റീജിണൽ സെക്രട്ടറി ബിബി ലിജി റിപ്പോർട്ടും, ട്രസ്റ്റി മോളി തോമസ് വാർഷിക കണക്കും അവതരിപ്പിച്ചു. പുതിയ ഭാരവാഹികളായി ലീലാമ്മ ജോയിയെയും സെക്രട്ടറിയായിയും ലിസി ഏബ്രഹാമിനെ ട്രസ്റ്റിയായും റെബേക്കാ ജോയിയെ ഓഡിറ്ററായും തെരഞ്ഞെടുത്തു. ജോളി ജോർജ് കൃതജ്ഞതയും അറിയിച്ചു.

**Vol. 18 Issue 8**
**February 16-29**


MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/
163/2012-2014

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

**ചിരിവര ——— ജോയി കുളനട**




## ചുമതലയേറ്റു



തിരുവല്ലായിൽ അഡീഷണൽ ഗവൺമെന്റ് പ്ലീഡറും പബ്ലിക്ക് പ്രോസിക്യൂട്ടറുമായി ചുമതലയേറ്റ അഡ്വ.മനോജ് മാത്യു. തെള്ളിയൂർ മാർ ബസേലിയോസ് ഇടവക ട്രസ്റ്റിയായ ഇദ്ദേഹം 2002 മുതൽ നിരണം ഭദ്രാസന കൗൺസിൽ അംഗമാണ്. ഡിസ്ട്രിക്റ്റ് നോട്ടറി, തിരുവല്ല ഈസ്റ്റ് കോപറേറ്റീവ് ബാങ്ക് ഡയറക്ടർ തുടങ്ങിയ നിലകളിൽ പ്രവർത്തിക്കുന്നു.

# പുതുതായി തെരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ

കോട്ടയം : ഭദ്രാസനങ്ങളിൽനിന്നുമുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ നാമനിർദ്ദേശം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. കുന്നംകുളം, ചെങ്ങന്നൂർ, അടൂർ - കടമ്പനാട്, അമേരിക്കൻ സൗത്ത് വെസ്റ്റ് അമേരിക്കൻ നോർത്ത് ഈസ്റ്റ് തുടങ്ങിയ ഭദ്രാസനങ്ങളിൽനിന്നുള്ള തെരഞ്ഞെടുപ്പ് പൂർത്തിയായി.

അമേരിക്കൻ സൗത്ത് വെസ്റ്റ് ഭദ്രാസനത്തിൽനിന്ന് മാനേജിംഗ് കമ്മിറ്റി നോമിനികളായി ഫാ.രാജു എം.ഡാനിയേൽ (ഡാളസ്), പുലിക്കോട്ടിൽ ജോയി (അറ്റ്ലാന്റ), തോമസ് രാജൻ (ഡാളസ്) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. സൗത്ത് വെസ്റ്റ് ഭദ്രാസന കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പും മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പിനോടൊപ്പം നടന്നു. ഭദ്രാസന സെക്രട്ടറിയായി ഫാ.ഡോ.ജോയി പൈങ്ങോലിയും കൗൺസിൽ അംഗങ്ങളായി ഫാ.സ്ലോമോ ഐസക്ക് ജോർജ്, ഫാ.മാത്യൂസ് ജോർജ്, ചാർലി വർഗീസ് പടനിലം, എൽസൺ സാമുവൽ, ജോർജ് ഗീവർഗീസ്, ജെയിസൺ വർഗീസ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

അമേരിക്കൻ നോർത്ത് ഈസ്റ്റ് ഭദ്രാസനത്തിൽനിന്നുള്ള നോമിനികളായി ഫാ.ഡാനിയേൽ പുല്ലേലിൽ (കാനഡ), കോരസൺ വർഗീസ് (ന്യൂയോർക്ക്) പോൾ കറുകപ്പള്ളി എന്നിവരെ തെരഞ്ഞെടുത്തു.

കുന്നംകുളം ഭദ്രാസനത്തിൽനിന്ന് ഫാ.സൈമൺ വാഴപ്പള്ളി, എം.സി.ഏബ്രഹാം, സി.കെ.അപ്പുമോൻ എന്നിവരും ചെങ്ങന്നൂർ ഭദ്രാസനത്തിൽനിന്ന് ഫാ.ഐപ്പ് പി. സാം, ഫാ.കുര്യൻ ജോസഫ്, സജി പട്ടരുമഠം, ഡോ.ജിബി ജോർജ്, ബിജു മാത്യു എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

# ഒരു പ്രാവശ്യം നിന്നവർ വീണ്ടും നിൽക്കരുത്; പുതിയ ആളുകൾക്ക് അവസരം കൊടുക്കണം : ഗീർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

കോട്ടയം : സഭാ മാനേജിംഗ് കമ്മിറ്റിയിലേക്ക് ഒരു പ്രാവശ്യം മത്സരിച്ചു ജയിച്ചവർ വീണ്ടും മത്സരിക്കരുതെന്നും പുതിയ ആളുകൾക്ക് അവസരം കൊടുക്കണമെന്നും കോട്ടയം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ആവശ്യപ്പെട്ടു. കോട്ടയം ഭദ്രാസനത്തിൽ മാനേജിംഗ് കമ്മിറ്റിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ അദ്ധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു ഈവാനിയോസ് മെത്രാപ്പോലീത്താ. മെത്രാപ്പോലീത്തായുടെ നിർദ്ദേശം മാനിച്ച് മത്സരരംഗത്ത് സജീവമായുണ്ടായിരുന്ന ബസ്സേലിയോസ് കോളജ് പ്രിൻസിപ്പാൾ ഡോ.ജേക്കബ് കുര്യൻ ഓണാട്ട് മത്സരരംഗത്തുനിന്നും പിന്മാറുന്നതായി പ്രഖ്യാപിച്ചു.


കോട്ടയം ഭദ്രാസനത്തിൽനിന്ന് മാനേജിംഗ് കമ്മിറ്റിയിലേക്കുള്ള വൈദികരുടെ നാമനിർദ്ദേശം സമർപ്പിക്കാനായി പ്രത്യേകം കൂടിയ വൈദികയോഗത്തിലും മെത്രാപ്പോലീത്താ ഈ നിർദ്ദേശം സമർപ്പിച്ചതിനെ തുടർന്ന് പുതുതായി രണ്ടു വൈദികരെയാണ് മാനേജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുത്തത്. വൈദികട്രസ്റ്റി, അത്മായട്രസ്റ്റി തുടങ്ങിയ സഭാസ്ഥാനികളുടെ തെരഞ്ഞെടുപ്പിലും മെത്രാപ്പോലീത്തായുടെ ഈ നിർദ്ദേശം ബാധകമാക്കാമെന്ന് പല വൈദികരും അഭിപ്രായപ്പെട്ടു.

## മദ്രാസ് ഭദ്രാസന മർത്തമറിയം സമാജം ത്രിദിന സമ്മേളനം

ചെന്നൈ : മദ്രാസ് ഭദ്രാസന മർത്തമറിയം സമാജം ത്രിദിന സമ്മേളനം ഫെബ്രുവരി 16 മുതൽ 18 വരെ തീയതികളിൽ ചെന്നൈ സെന്റ് മേരീസ് പള്ളിയിൽ നടക്കും. ഇടവക മെത്രാപ്പോലീത്താ യൂഹാനോൻ മാർ ദീയസ്കോറോസ് അദ്ധ്യക്ഷത വഹിക്കും. ഒ.പി.ശോശാമ്മ ഐ.എ.എസ്. ഉദ്ഘാടനം നിർവ്വഹിക്കും. ഡോ.സാറാ പോൾ വെട്ടത്ത്, ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട് എന്നിവർ പ്രസംഗിക്കും. മൂന്നു ദിവസങ്ങളിലായി നടക്കുന്ന യോഗങ്ങളിൽ പ്രഗത്ഭരായ വ്യക്തികൾ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. സ്ത്രീത്വം എന്ന ചിന്താവിഷയത്തെ ആസ്പദമാക്കി നടത്തുന്ന ക്ലാസ്സുകൾക്ക് മർത്തമറിയം സമാജം ജനറൽ സെക്രട്ടറി പ്രൊഫ.മേരി മാത്യു നേതൃത്വം നൽകും. ഫാ.ജിജി മാത്യു, ഫാ.സഖറിയാ മാത്യു, ഫാ.സി.ഐ.ഐസക്ക്, ഫാ.എം.പി.ജേക്കബ്, ഫാ.അനൂപ് ജോസഫ് ഈപ്പൻ, എൽസി മാത്യൂസ്, സുഷാ കുര്യൻ എന്നിവർ ത്രിദിന സമ്മേളനത്തിന് നേതൃത്വം നൽകും.

# ആത്മീയ മൂല്യങ്ങൾ പുതുതലമുറയിൽനിന്നും നഷ്ടമാകരുത് : ആന്റോ ആന്റണി എം.പി.

കൈപ്പട്ടൂർ : സ്നേഹത്തിന്റെ മൂല്യം പൂർണ്ണമായി ഉൾക്കൊള്ളാനും പകരാനും പുതുതലമുറയെ പ്രാപ്തമാക്കാൻ സണ്ടേസ്ക്കൂൾ പഠനങ്ങൾക്ക് കഴിയുമെന്ന് ആന്റോ ആന്റണി എം.പി. പറഞ്ഞു. കൈപ്പട്ടൂർ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് മഹായിടവകയിലെ സണ്ടേസ്ക്കൂൾ പ്രസ്ഥാനങ്ങളുടെ ശതാബ്ദി ആഘോഷ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സെക്കുലർ വിദ്യാഭ്യാസത്തോടൊപ്പം ആത്മീയ പാഠങ്ങൾക്ക് പ്രാധാന്യം നൽകാൻ മാതാപിതാക്കളും കുട്ടികളും തയ്യാറാകേണ്ടതുണ്ട്. വെല്ലുവിളികളുടെ ലോകമാണ് ഇത്, പ്രലോഭനങ്ങൾ ഏറെയും. തലമുറകളുടെ നഷ്ടം പിന്നീട് തിരുത്താനാവില്ല. അതിനാൽ ദൈവത്തെ അറിഞ്ഞുതന്നെ ജീവിക്കുവാൻ അവരെ പ്രാപ്തരാക്കണം - അദ്ദേഹം കൂട്ടിച്ചേർത്തു. ഇടവക വികാരി ഫാ.സഖറിയാ സാമുവൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഡൽഹി ഭദ്രാസനാധിപൻ യൂഹാനോൻ മാർ ദിമെത്രയോസ് മെത്രാപ്പോലീത്താ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് അംഗം റോബിൻ പീറ്റർ, ഫാ.വർഗീസ് ജോഷ്വാ, ജനറൽ കൺവീനർ സി.ജെ.ജോയി, കെ.ജി.ജോർജ്, പ്രൊഫ.ജി.ജോൺ, ജോസ് റ്റി.എസ്., പ്രൊഫ.റെന്നി പി.വർഗീസ്, സി.റ്റി.കുഞ്ഞുകുഞ്ഞ്, ഏബ്രഹാം എം.ജോർജ് എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി.



## കുണ്ടറ വലിയപള്ളിയിൽ മാർ അന്ത്രയോസ് ബാവായുടെ പെരുന്നാൾ

കൊല്ലം : കുണ്ടറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളിയിൽ മാർ അന്ത്രയോസ് ബാവായുടെ (വല്യപ്പൂപ്പൻ) ശ്രാദ്ധപ്പെരുന്നാളും കൺവൻഷനും മെത്രാപ്പോലീത്തന്മാരായ സഖറിയാ മാർ അന്തോണിയോസ്, ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് എന്നിവരുടെ മുഖ്യ കാർമ്മികത്വത്തിൽ ഫെബ്രുവരി 28 മുതൽ മാർച്ച് 3 വരെ ആഘോഷിക്കും. വിവിധ ദിവസങ്ങളിൽ നടക്കുന്ന വചനശുശ്രൂഷകൾക്ക് റവ.ജോസഫ് സാമുവൽ കറുകയിൽ കോർഎപ്പിസ്കോപ്പാ, റവ. അലക്സാണ്ടർ വൈദ്യൻ കോർഎപ്പിസ്കോപ്പാ, എം.വൈ.തോമസുകുട്ടി കോർഎപ്പിസ്കോപ്പാ, ഫാ.എബി ഫിലിപ്പ്, ഫാ.സജി അമയിൽ തുടങ്ങിയവർ നേതൃത്വം നൽകും. പെരുന്നാളാഘോഷങ്ങൾക്ക് വികാരി ഫാ.തോമസ് ദാനിയേൽ, കെ.ഒ.വർഗീസ് പണിക്കർ, തോമസ് റ്റി. കുര്യൻ തുടങ്ങിയവർ നേതൃത്വം നൽകും.

## ക്രിസ്തീയ ഫിലിംഷോ

വലിയനോമ്പ്, പെരുന്നാൾ, ഒ.വി.ബി.എസ്. എന്നിവയോടനുബന്ധിച്ചു ഇടവകതോറും നടത്തപ്പെടുന്നു. പാഷൻ ഓഫ് ദി ക്രൈസ്റ്റ് (ക്രിസ്തുവിന്റെ പീഢാനുഭവം), വി.ഗീവർഗീസ് സഹദാ, ആത്മാവിന്റെ അക്ഷരങ്ങൾ, അതി ജീവനം (കുടുംബചിത്രം), ഹോംവർക്ക്, വഴിയറിയാതെ (മദ്യവിരുദ്ധചിത്രം) എന്നിവ ലഭ്യമാണ്.

ബന്ധപ്പെടേണ്ട വിലാസം : ഫാ.പി.കെ.വർഗീസ്, ശാലോം ഫിലിം മിനിസ്ട്രി, അറുനൂറ്റിമംഗലം, മാവേലിക്കര, ഫോൺ : 0479-2357646, 9446220007, 9526220007

ഉടൻ ചിത്രീകരണം ആരംഭിക്കുന്നു

*അന്നാമ്മയും പാസ്റ്ററും*

**Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor**